വാർഷികവരിസംഖ്യ 50ക.

# വിചാരസരണി

ब्रह्मवित् आप्नोति परम्



അന്നവസ്ത്രദാനസത്രം - ഹാത്ത, ഝാർഖണ്ഡ് (2017 ഫെബ്രുവരി 15)

മാർച്ച് 2017

വോള്യം 10 ലക്കം 9

## നാരായണാശ്രമതപോവനം

അധ്യാത്മത്തിൽ സംന്യാസവും ത്യാഗവും ഒഴിച്ചുകൂടാത്തതു തന്നെ. സംന്യാസത്തിന്റെ തീവ്രതയും ഉത്സാഹവുമില്ലാതെ ആധ്യാത്മികത അന്വർഥമാകില്ല. കാരണം, മനസാ കർതൃഭോക്തൃത്വം വെടിയുന്നതാണല്ലോ സംന്യാസം. താൻ ചെയ്യുന്ന പ്രവൃത്തിയൊന്നും തന്റേതല്ല; എല്ലാറ്റിന്റേയും ഉദ്ഭവം, നിലനില്പ്, പര്യവസാനം, പരമതത്ത്വത്തിലാണ്, തീർച്ച. മനസ്സും ബുദ്ധിയുമടക്കം സർവത്തിന്റേയും അധീശത്വം പരമതത്ത്വത്തിൽ ആകവേ, ആര് എന്തു ചെയ്യുന്നതും അതേ സ്രോതസ്സോടു ചേരുന്നതുതന്നെ. ഈ അകർതൃബോധം ജിജ്ഞാസുവിനെ ഉത്തരോത്തരം ഉദാത്തനും സമർപ്പിതനുമാക്കുന്നു. അതോടെ ലോകത്തിൽനിന്നുള്ള എന്ത് ഉൾവരവും ആത്മസാത്കരിയ്ക്കാനുള്ള കഴിവ് മികവ് എല്ലാം അന്തരംഗത്തിനു കൂടിക്കൂടിവരുകയും ചെയ്യുന്നു.

**– സ്വാമിജി**



സംസ്കാരപൈതൃകപഠനക്ലാസ്സ് വിദ്യാർഥികളെ അഭിസംബോധന ചെയ്യുന്നു - സി.ഐ.ആർ.ഡി. ജംഷഡ്പൂർ (2017 ഫെബ്രുവരി 12)

## വിഷയവിവരം


**ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ - 17.111** 4

**പ്രഭാതകിരണങ്ങൾ**
123. മനസ്സിനെ നന്നാക്കുന്നത് മനുഷ്യോദ്ദേശ്യം 12

**ഉൾനിരീക്ഷണത്തിനുതകുന്ന ശ്ലോകങ്ങൾ - 69** 17
മനസ്സ് നിറയവേ ലോകം അമൃതുപൂർണം - മാ ഗുരുപ്രിയ

**വ്യാസമഹാഭാരതം ഏവരും വായിയ്ക്കേണ്ട ആത്മകഥ - 1** 18

**കത്തും മറുപടിയും** 22
അസാധാരണ ധ്യാനാനുഭവങ്ങൾ

**വാർത്തകളും കുറിപ്പുകളും** 27


**ആശ്രമത്തിലേയ്ക്കു കത്തയയ്ക്കുമ്പോൾ *പിൻകോഡ്* സഹിതം മുഴുവൻ *അഡ്രസ്സും* എഴുതേണ്ടതാണ്.**


**നാരായണാശ്രമതപോവനം**
വെങ്ങിണിശ്ശേരി, പി.ഒ. പാറളം, തൃശ്ശൂർ, കേരളം 680 563,
ഫോൺ: (0487) 2277963, 2278302, 2278363
email: ashram@bhoomananda.org; www.SwamiBhoomanandaTirtha.org

# സംന്യാസം അഥവാ ത്യാഗം ഒഴിച്ചുകൂടാത്തത്

## സർവകർമങ്ങളേയും പരമതത്ത്വത്തിൽ അണയ്ക്കുക

പരമതത്ത്വത്തിൽ സമഗ്രമായി വിശ്വസിച്ചു സർവപ്രവൃത്തികളും ചെയ്യണമെന്ന് ഉറപ്പിച്ച കൃഷ്ണൻ ജിജ്ഞാസുവിനെ സ്വന്തം ഉൾത്തലത്തേയ്ക്കു നയിയ്ക്കുന്നു. സാധകന്റെ ജീവിതത്തിൽ ഇതു കാര്യമായ ഉയർച്ചയാണ്; മറ്റൊരു നിലയ്ക്ക് ഉൾവിരാമം സൂചിപ്പിയ്ക്കുന്നതും.

എന്നുവെച്ചാൽ ജിജ്ഞാസു സ്വന്തം ഉൾത്തടത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ കൊതിയ്ക്കുന്നു. കാരണം, അപ്പോഴേ ബാഹ്യവസ്തുക്കളുമായി കെട്ടുപിണഞ്ഞു കഴിയാതെ, സന്തോഷവും സാഫല്യവും നുകരാൻ കഴിയൂ. വാസ്തവത്തിൽ മനുഷ്യജീവിതത്തെ നശ്വരതയിൽനിന്ന് ഉയർത്തിയെടുക്കാനുള്ള ശരിയായ ശുദ്ധീകരണമാണിത്!

**ചേതസാ സർവകർമാണി**
**മയി സംന്യസ്യ മത്പരഃ**
**ബുദ്ധിയോഗമുപാശ്രിത്യ**
**മച്ചിത്തഃ സതതം ഭവ** (18.57)

മനസാ എല്ലാ പ്രവൃത്തികളേയും ഉപേക്ഷിയ്ക്കവഴി അവയെ പരമതത്ത്വത്തിൽ സമർപ്പിച്ച്, അതിനെത്തന്നെ സർവസ്വമായിക്കണ്ട്, നിന്റെ മനസ്സ് ബുദ്ധിയോഗത്തെ ആശ്രയിച്ചു പരമതത്ത്വത്തിൽത്തന്നെ സദാ നിലകൊള്ളട്ടെ.

കൃഷ്ണൻ സംന്യാസമെന്ന സങ്കല്പത്തെ സമഗ്രസമർപ്പണത്തിന്നുള്ള അടിസ്ഥാനശിലയായി കരുതുന്നു. സംന്യാസത്തെപ്പറ്റി, ത്യാഗത്തെപ്പറ്റി, കൃഷ്ണൻ മുമ്പും (3.30) പറഞ്ഞിട്ടുണ്ട് . പരമതത്ത്വത്തിൽ ഇളകാത്ത വിശ്വാസത്തോടെ സർവപ്രവൃത്തികളും കണിശമായി ചെയ്യു ന്നതിലാണ് അവിടത്തെ ഊന്നൽ.

ഇവിടെയോ, കൃഷ്ണൻ ഒരുപടികൂടി പോകുന്നു. അതു സ്വാഭാവികവും അനിവാര്യവുമാണുതാനും. അവസാനം ഊന്നൽ മനസ്സിൽത്തന്നെ. **ജിജ്ഞാസു ത്യാഗസിരകൾ സ്ഥാപിയ്ക്കേണ്ടതു സ്വന്തം മനസ്സിലാണ്. അധ്യാത്മത്തിൽ സംന്യാസവും ത്യാഗവും പ്രധാനം മാത്രമല്ല, ഒഴിച്ചുകൂടാത്തതുമാണ്.** സംന്യാസം നല്കുന്ന തീവ്രതയും ഉത്സാഹവുമില്ലാതെ ആധ്യാത്മികത അന്വർഥമാകില്ല. കൃഷ്ണൻ ഈ വസ്തുത ഒളിച്ചുവെയ്ക്കുന്നേ ഇല്ല. മറിച്ച്, ത്യാഗത്തിന്റെ ആവശ്യം വീണ്ടുംവീണ്ടും വ്യക്തമാക്കുന്നു. അതുവഴി കൃഷ്ണന്റെ വാക്കുകൾ കൂടുതൽ ഹൃദയഹരമാകയാണ്.

ഉത്തുംഗമായ ത്യാഗസംന്യാസസിദ്ധാന്തത്തെ വിശദമാക്കിത്തരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ, **പ്രവൃത്തികൾ എന്തോ ആവട്ടെ, അവയെ തികച്ചും തന്റേതല്ലെന്നു കരുതാൻ സാധകനു കഴിയണം. അവയുടെ ഉദ്ഭവവും നിലനില്പും പര്യവസാനവും പരമതത്ത്വത്തിന്റെ തട്ടകത്തിൽപ്പെട്ട**

**താണെന്നു കാണുന്നതോടെ ഇതു സുഗമമാകും.** പരമതത്ത്വത്തെ തന്റെ ജീവിതത്തിൽ സർവസ്വമായി കരുതുമ്പോൾ ത്യാഗവും സംന്യാസവും, അഭിലാഷവും ആദർശവുമാകാതെ വയ്യ.

ജിജ്ഞാസു മനസ്സിലാക്കണം, ലോകം, തന്റെ ജീവിതമടക്കം, പരമതത്ത്വത്തിന്റെ സുന്ദരവിലാസമാണ്. ദേഹതലത്തിൽ പ്രവർത്തിയ്ക്കുന്ന *ഫിസിയ്ക്കൽ, കെമിയ്ക്കൽ, ബയോഫിസിയ്ക്കൽ, ബയോക്കെമിയ്ക്കൽ, ബയളോജിയ്ക്കൽ* എന്നീ നിയമങ്ങളെപ്പോലെ, ദേഹത്തിനുൾ ത്തലത്തിൽ പ്രവർത്തിയ്ക്കുന്ന *സൈക്കളോജിയ്ക്കൽ, സ്പിരിചൽ* അഥവാ അധ്യാത്മ നിയമങ്ങൾക്കും അവയുടെ സ്ഥാനവും ലക്ഷ്യവുമുണ്ട്. അതെല്ലാംതന്നെ പരമതത്ത്വത്തിനു കീഴിലാണ്. ജിജ്ഞാസു തന്നേയും അതിൽപ്പെടുത്താൻ വിട്ടുപോകരുത്.

മനസ്സും ബുദ്ധിയും പ്രവർത്തിച്ച് അവയുടെ ദൗത്യം നിർവഹിയ്ക്കുന്നതു പരമതത്ത്വത്തിനു കീഴിലാണ്. ആരിലുമുള്ള കഴിവും ഐച്ഛികതയും അതേ ഛായയിൽത്തന്നെ.

പരമതത്ത്വത്തിന്റെ ആസൂത്രണമാണല്ലോ ഏവർക്കുമുള്ള മികവെന്നപോലെ സാധ്യതകളും സൗകര്യങ്ങളും. ഓരോരുത്തരും ചെയ്യുന്നതോ നേടുന്നതോ, അവരുടേതാണെന്നു നിരൂപിയ്ക്കുന്നതെങ്ങനെ?

ഈ അനുടമസ്ഥതാചിന്താഗതി ജിജ്ഞാസുവിനെ മേലേക്കുമേൽ ഉദാത്തനും സമർപ്പിതനുമാക്കുന്നു. മനസ്സ് പരമതത്ത്വത്തിൽച്ചെന്ന് ഒന്നായിത്തീരുന്നു. പിന്നെ ഉള്ളിൽനിന്നു നിർഗളിയ്ക്കുന്ന ഏതു പ്രസരണവും പരമതത്ത്വത്തിന്റെ ഇച്ഛയും അനുസരണവുംതന്നെ.

**മച്ചിത്തഃ സതതം ഭവ,** കൃഷ്ണന്റെ ഈ വാക്കുകൾ വളരെ നിർദേശാത്മകമാണ്. നിരന്തരം അവയിൽ നിലകൊള്ളുകയാണ് വേണ്ടത്.

ഇത്തരം ആന്തരസംന്യാസവും ത്യാഗവും മനസ്സിനെ തികഞ്ഞ അനുടമസ്ഥനാക്കിത്തീർക്കുന്നു. തത്ഫലമായി പരമതത്ത്വംമാത്രമാണ് മനസ്സിൽ നിറഞ്ഞുനില്ക്കുക. വിചാരവീക്ഷണങ്ങൾ, വികാരഭാവങ്ങൾ എന്നിവയൊക്കെ അത്തരം ഉപരിമനസ്സിൽനിന്നാണ് ഉദ്ഭവിയ്ക്കുന്നത്. അവയെല്ലാം പുതിയ ആത്മവിശ്വാസവും അനുഗൃഹീതത്വവും പ്രകടമാക്കുന്നു. ശരിയായ ജയവും ശുഭകാമനയും ത്യാഗധന്യമായ ഇത്തരം മനസ്സിന്റെ പ്രകടനവിലാസമാണ്.

**വിശ്വാസത്തിൽനിന്ന് ത്യാഗത്തിലേയ്ക്ക്**

പരമതത്ത്വത്തിൽ പൂർണമായി വിശ്വസിച്ച് എല്ലാ പ്രവൃത്തികളും ചെയ്യുന്നതും, സർവകർമങ്ങളേയും പരമതത്ത്വത്തിൽ ത്യജിയ്ക്കുന്നതും തമ്മിലുള്ള വ്യത്യാസം വളരെ സൂക്ഷ്മമെങ്കിലും വ്യക്തമാണ്. ബുദ്ധി സൂക്ഷ്മതയോടെ ജിജ്ഞാസു അതു വേണ്ടുംവണ്ണം ഗ്രഹിയ്ക്കണം.

ആദ്യത്തേതിൽ കർതൃഭാവം വ്യക്തമാണല്ലോ, അഹങ്കാരവും സ്ഫുരിയ്ക്കുന്നു. 'ഞാൻ പ്രവർത്തിയ്ക്കുന്നു. തന്മൂലം നേടാനുള്ളത് ഇന്നിന്ന ലക്ഷ്യ

ങ്ങളും പരിണാമങ്ങളുമാണ്. അതിനായി ഞാൻ പരമതത്ത്വത്തെ ആശ്രയിയ്ക്കുന്നു'. രണ്ടാമത്തേതിൽ മനോഭാവവും വിലയിരുത്തലും വേറെയാണ്. എല്ലാ പ്രവൃത്തിയും പരമതത്ത്വത്തിന്റേതാണ്. പരമതത്ത്വത്തിൽനിന്നാണ് ലോകവും അതിലുള്ള എല്ലാംതന്നെയും ഉദ്ഭ വിച്ചത്.

ആ സ്രോതസ്സാണ് എല്ലാ ജീവജാലങ്ങളുടേയും, ജിജ്ഞാസുവടക്കം, ഉടമസ്ഥനും കൈവശക്കാരനും. താൻതന്നെ പരമതത്ത്വത്തിന്റേതാണെങ്കിൽ, താൻ ചെയ്യുന്നതെല്ലാം ഒരുപോലെ അതേ സ്രോതസ്സിന്റേ താകണമല്ലോ.

**ജിജ്ഞാസു പരമതത്ത്വത്തിനല്ലാതെ ഒന്നിനും സ്ഥാനംകാണുന്നില്ല. തനിയ്ക്കുള്ളതെല്ലാം പരമതത്ത്വത്തിന്റേതാണ്. അങ്ങനെവരുമ്പോൾ പരമതത്ത്വത്തിനായി എല്ലാം ത്യജിയ്ക്കുന്ന ഉദാത്തസമഗ്രത മനസ്സിനു കൈവരുന്നു, മനസ്സ് പുലർത്തുന്നു. ഒരുനിലയ്ക്ക് ഇതു ഗാഢവും അചഞ്ചലവുമായ സാമഞ്ജസ്യംതന്നെ.**

ഇത്തരം ത്യാഗം ജീവിതത്തിൽ അന്വർഥമാക്കുന്നതെങ്ങനെ? കൃഷ്ണൻ പറയുന്നു, ബുദ്ധിയോഗമാണ് അതിനുള്ള വഴി. ബുദ്ധിയോഗത്തെക്കുറിച്ചു രണ്ടാമധ്യായത്തിൽ വ്യക്തമാക്കീട്ടുണ്ട്. ഏതു ത്യാഗവും സംന്യാസവും ബുദ്ധിയാണ് വിഭാവനംചെയ്തു നടപ്പിലാക്കേണ്ടത്. എന്നുവെച്ചാൽ ത്യാഗപ്രക്രിയ ആദ്യമായി പ്രതിഫലിയ്ക്കേണ്ടതു ബുദ്ധിയിലാണ്. ബുദ്ധിയുടെ വിലയിരുത്തലും വീക്ഷണവുമാണ് ത്യാഗത്തിൽ നിർണായകം. തുടർന്നാണ് ബാക്കിയെല്ലാം.

അധ്യാത്മതത്ത്വവിചാരം ശീലിയ്ക്കുന്നവൻ, കൃഷ്ണൻ പറയുന്നു, എല്ലാ പ്രവൃത്തിഫലങ്ങളേയും, അവ നന്മയോ തിന്മയോ ആകട്ടെ, ത്യജിയ്ക്കുന്നു. **ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃത ദുഷ്കൃതേ** (2.50). പ്രവൃത്തിഫലങ്ങൾ അതാതു പ്രവൃത്തികളിൽനിന്നു തികച്ചും അവിഭാജ്യമാണ്. അതിനാൽ ഏതു പ്രവൃത്തിയുടേയും പരിണതഫലത്തെ വേണ്ടെന്നുവെയ്ക്കയോ തള്ളിക്കളകയോ സാധ്യമേ അല്ല.

പ്രവൃത്തിഫലങ്ങളെ ത്യജിയ്ക്കുന്നത് ആന്തരപ്രക്രിയയാണ്, ഉൾ വികാസവും പ്രകാശവും വഴി ഉണ്ടാകേണ്ടതാണിത്. അതിൽ സാധകൻ പ്രവൃത്തികളുടെ ഉടമസ്ഥത വേണ്ടെന്നുവെയ്ക്കയാണ് ചെയ്യുന്നത്. കൃഷ്ണൻ പറയുന്നു, ഇങ്ങനെയുള്ള വിരാഗത, എല്ലാ പ്രവൃത്തികളും സാധ്യമാക്കുന്നതു പരമതത്ത്വമാണെന്ന് ഉറപ്പിച്ച്, അവയുടെ ചുമതലയും അതേ പരമതത്ത്വത്തിനുതന്നെയെന്ന വിശ്വാസവും നിർണയവും സുദൃഢമാകാൻ ഇടവരുത്തുന്നു. അസംഖ്യം വസ്തുക്കളും എത്രയോ വ്യവസ്ഥാക്രമങ്ങളുമുള്ള ലോകംതന്നെ പരമതത്ത്വത്തിന്റെ പ്രസരണ മാണല്ലോ.

ജ്ഞാനരൂപത്തിലുള്ള ഇവ്വിധം ഉൾത്യാഗം സുഗമമാകുന്നതു മനസ്സ് ദൈവികവും അധ്യാത്മവുമാകുമ്പോഴത്രെ. അതിനുതക്ക സമർപ്പണവും ഭാവസമ്പന്നതയും മനസ്സിൽ പതിപ്പിയ്ക്കുന്നതാണ് മച്ചിത്തത. മനസ്സ് ലൗകികത്വത്തിൽനിന്നു ദൈവികത്വത്തിലേയ്ക്കു കലവറയില്ലാതെ നീങ്ങുമ്പോഴാണ് ഈ സമർപ്പണഭാവസമ്പന്നത സാധകനെ അലങ്കരിയ്ക്കുക.

എന്താണ് സമഗ്രദിവ്യത്വം, എന്തു വിചാരവും തീർപ്പുമാണ് ഇതിൽ എത്തിയ്ക്കുക, ലോകം എങ്ങനെ ദിവ്യപ്രകടനമാകുന്നു, അതിൽ ജിജ്ഞാസുവുംകൂടി ഉൾപ്പെടുന്നതെങ്ങനെ? ഇത്തരം ഗവേഷണം ബുദ്ധിയുടേതാണല്ലോ. അതിനാലാണ് ഇതിനെ ബുദ്ധിയോഗമെന്നു പറയുന്നത്.

**പരമപ്രഭാവം സർവതടസ്സങ്ങളേയും അതിജീവിപ്പിയ്ക്കുന്നു**

അങ്ങനെയൊരു ഉൾസ്ഥിതി നേടാനാവുമോ? താൻ പ്രവർത്തിയ്ക്കുന്നുവെന്ന വിചാരം അമ്പേ വർജിയ്ക്കാവുന്നതാണോ, പ്രവൃത്തികളെക്കുറിച്ചു നല്ലതു ചീത്ത, നന്മ തിന്മ എന്ന വകതിരിയ്ക്കലിന് ഇത്തരം സമഗ്രത്യാഗത്തിൽ എന്താണ് പ്രസക്തി? വല്ല തെറ്റോ വഴുതിവീഴ്ചയോ വന്നുപോയാൽ എന്തുണ്ടാകും?

ഇത്തരം ചോദ്യങ്ങൾ സർവസാധാരണമാണ്. കാരണം, സമഗ്രമായ വിശ്വാസത്തിന്റേയോ ഉദാത്തതയുടേയോ ഉത്തുംഗതലത്തിലേയ്ക്ക് ഉയരാൻ സാധാരണമനസ്സിനു സാധ്യമല്ല.

ഈ വസ്തുത കണക്കിലെടുത്തു കൃഷ്ണൻ തന്റേതായ വിശദീകരണം നല്കുന്നു:

**മച്ചിത്തഃ സർവദുർഗാണി**
**മത്പ്രസാദാത് തരിഷ്യസി**
**അഥ ചേത്ത്വമഹംകാരാത്-**
**ന ശ്രോഷ്യസി വിനങ്ക്ഷ്യസി**

**യദഹംകാരമാശ്രിത്യ**
**ന യോത്സ്യ ഇതി മന്യസേ**
**മിഥ്യൈഷ വ്യവസായസ്തേ**
**പ്രകൃതിസ്ത്വാം നിയോക്ഷ്യതി** (18.58,59)

മനസ്സ് പരമതത്ത്വത്തിൽ ഇരിപ്പുറപ്പിച്ചുകൊണ്ട് നീ സർവ കഷ്ടപ്പാടുകളും തരണംചെയ്യും. കടുംപിടുത്തത്താൽ ഈ വാക്കുകൾ കേൾക്കുന്നില്ലെങ്കിലോ, നീ നാശത്തിലേയ്ക്കാണ് നീങ്ങുക. അഹങ്കാരത്തിനു വിധേയനായി, ഞാൻ യുദ്ധം ചെയ്യില്ലെന്നു ചിന്തിയ്ക്കുന്നപക്ഷം ആ തീരുമാനം വ്യർഥമേ ആകൂ. പ്രകൃതി നിശ്ചയമായും നിന്നെക്കൊണ്ട് യുദ്ധം ചെയ്യിയ്ക്കും.

ഇത്തരം ഉൾത്യാഗവും ഉൾസംന്യാസവും സ്വീകരിയ്ക്കുന്നവൻ തത് ഫലമായി മനസ്സിന്റെ പൂർണദിവ്യത്വം കൈവരിയ്ക്കുന്നു. പിന്നെ ഒരു ഉത്കണ്ഠയ്ക്കും സ്ഥാനമില്ല. **പരമതത്ത്വത്തെ പൂർണമായി കരുതി ആശ്രയിയ്ക്കുന്നവൻ സർവ പരീക്ഷകളും കഷ്ടപ്പാടുകളും പരമതത്ത്വത്തിന്റെതന്നെ കടാക്ഷത്താൽ തരണംചെയ്യും.**

ദ്വന്ദ്വങ്ങളിലാണ് ലോകം നിലനില്ക്കുന്നത്. അതിനാൽ അതു പല ബുദ്ധിമുട്ടുകളും ചിലപ്പോൾ വരുത്തിവെച്ചേയ്ക്കാം. ജിജ്ഞാസുവിന്റെ തെറ്റു

കൊണ്ടോ പാപംകൊണ്ടോ അല്ല അതു സംഭവിയ്ക്കുന്നത്. ലോക ജീവിതത്തിന്റെ സ്വാഭാവികഗതിയാണിത്.

ദ്വന്ദ്വത്തിന്റെ ഭാഗമായി വല്ല അപകടമോ വിഷമമോ പിണഞ്ഞാൽപ്പോലും, ജിജ്ഞാസു ക്രമത്തിലേറെ സംശയിയ്ക്കയോ ഉത്കണ്ഠപ്പെടുകയോ വേണ്ട. പ്രകൃതിയുടെ അനിഷേധ്യ വ്യവസ്ഥകളാൽ അതെല്ലാം തരണംചെയ്തുകൊള്ളും, അതും ധന്യതയും ഉത്കർഷവും കൈവരിച്ചുകൊണ്ട്, പരമതത്ത്വത്തിലുള്ള ത്യാഗം സുശക്തമാണെങ്കിൽ!

അത്യുത്തുംഗമായ ഈ അവസ്ഥ വിവരിച്ചശേഷം കൃഷ്ണൻ നല്കുന്ന ശക്തമായ മുന്നറിയിപ്പു തന്റെ സന്ദേശം സ്വീകരിച്ച് അനുസരിയ്ക്കാൻ ജിജ്ഞാസുവിനെ നിർബന്ധിയ്ക്കുന്നതാണ്: അഹങ്കാര വിമൂഢതയാൽ ത്യാഗത്തിന്റെ ആഹ്വാനം ചെവിക്കൊള്ളാതെ സമഗ്ര ദിവ്യത്വത്തെ അകറ്റിനിർത്തുന്നവൻ നശിച്ചുപോകും.

കൃഷ്ണന്റെ ഈ മുന്നറിയിപ്പിനുമുമ്പിൽ ആർക്കും ഒരു ഐച്ഛികതയ്ക്കും ഇടമില്ല. ജിജ്ഞാസു മനസ്സിനെ ദിവ്യമാക്കിത്തീർത്ത്, ആന്തരത്യാഗം അവലംബിച്ച്, പ്രവൃത്തികളെയെല്ലാം പരമതത്ത്വത്തിനു വേണ്ടി കൈവെടിയുകതന്നെ വേണം. ഇതു വിട്ടോ ഇതിൽക്കുറഞ്ഞോ ഒന്നു കൊണ്ടും കാര്യമില്ല.

കൃഷ്ണൻ ഒരുപടികൂടി ചെല്ലുന്നു. അർജുനനെ നോക്കി പറയുകയാണ്: നീ ആദ്യം യുദ്ധം ചെയ്യില്ലെന്നു പറഞ്ഞ്, **ന യോത്സ്യേ ഇതി** (2.9), ആവനാഴിയും വില്ലും താഴത്തുവെച്ചു. ഞാൻ പറഞ്ഞതിന്റെ സ്ഥാനവും മഹിമയും മനസ്സിലാകുന്നപക്ഷം യുദ്ധം ചെയ്യില്ലെന്നു പറയാനുള്ള തോന്നലേ ഉണ്ടാവില്ല, ഉണ്ടാകരുത്. നിഷേധചിന്തകൾ വല്ലതും പൊട്ടിപ്പുറപ്പെട്ടാൽത്തന്നെ, അതു മനസ്സിന്റെ ഒരു വൃത്തിവിനോദമേ ആകൂ. അങ്ങനെയുള്ള മോഹജന്യമായ വിചാരവിമർശനങ്ങളും, തീരുമാനവും നിർബന്ധങ്ങളുമെല്ലാം തികച്ചും തെറ്റാണ്. പ്രകൃതിഗുണങ്ങളുടെ കടുത്ത വലയത്തിൽ, നീ മറ്റെല്ലാംപോലെ യുദ്ധംചെയ്യാനും നിർബന്ധിതനാകും, **പ്രകൃതിസ്ത്വാം നിയോക്ഷ്യതി.**

നല്ല മനുഷ്യനും അങ്ങനെയല്ലാത്തവനും ഒരുപോലെ പ്രകൃതിയുടെ പിടിയിലാണ്. വൈവിധ്യമാണ് പ്രകൃതിയുടെ ഉൾക്കരുത്ത്. അതിന്റെ തുറന്ന സ്ഫുരണമാണ് ലോകം. ഒരുവനെ ശിഷ്ടനും ഇനിയൊരുവനെ അശിഷ്ടനും ആക്കുന്നതു പ്രകൃതിവൈവിധ്യംമത്രെ. ലോകത്തിൽ ഒന്നി നും പ്രത്യേകമായ സ്ഥാനമില്ല, എല്ലാറ്റിനും എല്ലാവർക്കും തുല്യ നില്പു തന്നെ.

പ്രകൃതിയുടെ പിടിപ്പ് അത്രയ്ക്കു അലംഘ്യവും സമഗ്രവുമാണ്, ആർക്കും അതിൽനിന്നു രക്ഷപ്പെട്ടു പുറത്തു കടക്കാൻ കഴിയില്ല.

**സ്വഭാവജേന കൗന്തേയ**
**നിബദ്ധഃ സ്വേന കർമണാ**
**കർതും നേച്ഛസി യന്മോഹാത്**
**കരിഷ്യസ്യവശോഽപി തത്** (18.60)

ഇഷ്ടപ്പെടാത്തത്, മോഹത്താൽ ചെയ്യാൻ ഇച്ഛിയ്ക്കാത്തത്, നീ തീർച്ചയായും ചെയ്യും, നിന്റെതന്നെ സ്വഭാവവിശേഷത്താൽ ഒഴിവാക്കാൻ പറ്റാതെ ചെയ്യും.

കൃഷ്ണൻ പറയുന്നു: നിന്നിലെ ഉൾനെയ്ത്തു പ്രകൃതി വിശേഷത്താൽ ലംഘിയ്ക്കാനാവാത്തവിധം പ്രബലമാണ്. യുദ്ധം ചെയ്യില്ലെന്നു പറഞ്ഞാലും, അതു വെറും മോഹമാണ്, പരമാവധി ഒരു ഭാവനമാത്രം. സത്യത്തിൽ നിനക്കു പൊരുതാതെവയ്യ. അത്രയ്ക്കു ശക്തമാണ് പ്രകൃതിയുടെ ചങ്ങലകൾ.

സൃഷ്ടിയാകെ പ്രകൃതിയ്ക്കു കീഴിലാണ് നില്ക്കുന്നതും തുടരുന്നതും. എന്തു നീക്കവും, കൃഷ്ണൻ പറയുന്നു, പ്രകൃതിഗതികൾക്കു വിരോധമായാൽ തെറ്റു തന്നെ, അപ്രായോഗികവും. പ്രവൃത്തിയിൽനിന്ന് ഒഴിവാകാനുള്ള എന്ത് ആഗ്രഹവും മനസ്സിന്റെ വെറും ഭാവനാവിലാസ മാണ്. മനസ്സ് അതിന്റെ ഇഷ്ടക്കേടുമായി വരാം. പക്ഷേ അതിനൊത്തു ഒരുവനു പിൻവലിയാനാകുമോ എന്നതു തികച്ചും വ്യത്യസ്തപരിഗണ നയാണ്. അർജുനന്റെ മനോഘടന കണക്കിലെടുത്ത്, ക്ഷത്രിയസ്വ ഭാവം പരിഗണിച്ചു വിലയിരുത്തുമ്പോൾ, കുറെക്കാലമായി താൻ ഈ യുദ്ധത്തിനു തയ്യാറെടുത്തുപോന്നിട്ടുണ്ട്.

സമാജീയവും മറ്റു പലതുമായി യുദ്ധത്തിനുള്ള നിർബന്ധങ്ങൾ കണക്കിലെടുക്കുമ്പോൾ, കൃഷ്ണന് ഉറപ്പുണ്ട്, അർജുനന്റെ ഐച്ഛികതയും നിർണയവും നിലനില്ക്കുന്നതല്ല. അവ വെറും പറച്ചിലേ ആകൂ.

ലോകഘടനയെ അവഗണിച്ചുകൊണ്ടുള്ള എന്തു വിചാരഗതിയും, അതുപോലെ മനുഷ്യസ്വഭാവവും സമാജവാർപ്പും കണക്കിലെടുക്കാ തെയുള്ള എന്തു വാഞ്ഛയും, ഒരിയ്ക്കലും വസ്തുനിഷ്ഠമാകില്ല. ഒരുവനു പറയാം താൻ ചെയ്യില്ലെന്ന്. പക്ഷേ വാസ്തവത്തിൽ അത് ഒരു ആശയോ ഭാവനയോ മാത്രമേ ആകുന്നുള്ളു, സംഭവഗതിയോ പരിണാമമോ വ്യത്യസ്തമാകും.

കൃഷ്ണൻ തന്റെ ചർച്ചയെ അന്ത്യതലത്തിലേയ്ക്ക് എത്തിയ്ക്കു ന്നു. അവിടെ ഏതുതരം അഹങ്കാരവും തെറ്റുതന്നെ. **ജിജ്ഞാസു സർവ ഉള്ളിടുക്കങ്ങളും വിട്ടുയരണം. പ്രകൃതിയുടെ സമഞ്ജസമായ ഉള്ളൊഴുക്കുകളും ഗതികളും എങ്ങും ശക്തമാണെന്നു മനസ്സിലാക്കണം. അവയോട് ഇണങ്ങിച്ചിന്തിച്ചു പ്രവർത്തിയ്ക്കുന്നതേ സാർഥകമാകൂ, പ്രായോഗികവും. മറ്റെന്തും വെറും നാട്യം, കാട്ടിക്കൂട്ടൽ തന്നെ, പരാജയപ്രദവും.**

ഈ പറഞ്ഞതെല്ലാം ചുരുക്കി രേഖപ്പെടുത്തുന്നപക്ഷം:

1. ഓരോരുത്തനിലും മൂന്നു ഗുണങ്ങളടങ്ങുന്ന പ്രകൃതിയ്ക്കു പൂർണമായ നിയന്ത്രണവും സ്വാധീനവുമുണ്ടെന്നാണ് ഭഗവദ്ഗീതയിലെ അടിസ്ഥാനസന്ദേശം (3.5,27, 9.7, 13.21,30). ലോകത്തിൽ ആർക്കും പ്രകൃതിയുടെ ഈ പിടിപ്പിൽനിന്നു രക്ഷപ്പെടാനോ പുറത്തുകടക്കാനോ സാധിക്കില്ല (18.40).

2. എല്ലാ പ്രവൃത്തികളും, തനതായ കേന്ദ്രീയത ഉണ്ടോ ഇല്ലയോ, പ്രകൃതിനീതമാണ്. 'ഞാൻ ചെയ്യുന്നു'വെന്ന തോന്നൽ ശരിയേ അല്ല. മനസ്സിനേയും

ബുദ്ധിയേയും ചുറ്റിനില്ക്കുന്ന മോഹത്തിന്റെ ഫലംമാത്രമാണ് അത്.

3. ഈ വാസ്തവം ബുദ്ധിയുടേയും മനസ്സിന്റേയും ദൗത്യത്തെ നിഷേധിയ്ക്കുന്നില്ല. ചിന്തിച്ചുമനസ്സിലാക്കുന്നതിൽ അവ രണ്ടും സ്വതന്ത്രമാണ്. പക്ഷേ മമത, ഉടമസ്ഥതാപ്രേരണ, ആഗ്രഹം എന്നിവ അധീനപ്പെടുത്തുന്നതോടെ, അവ കുഴക്കത്തിലേയ്ക്കും അധഃപതനത്തിലേയ്ക്കുമാണ് നയിയ്ക്കുക. ആഗ്രഹമുക്തമായാലോ, അതേ മനസ്സും ബുദ്ധിയും പ്രകാശവും പരോപകാരതത്പരതയും പ്രസരിപ്പിച്ചുതുടങ്ങും. പ്രകൃതിയുടെ ശരിയായ ഉദ്ദേശം ഇതാണല്ലോ.

4. പരമതത്ത്വത്തിൽ അധിഷ്ഠിതമായ ലോകത്തിൽ, ജീവിതത്തിലും തന്നെ, സർവപ്രവൃത്തികളേയും പരമതത്ത്വത്തിൽതന്നെ അണച്ചുകഴിയുന്നത്, വാസ്തവത്തിൽ ആഗ്രഹങ്ങളും മമതയും വിട്ടു സാമഞ്ജസ്യം രചിച്ച് ഇന്ദ്രിയാതീത സന്തോഷം വളർത്തുകയാണ്.

5. അപ്പോൾ നന്മതിന്മകളെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങളും സംശയങ്ങളും ഇല്ലാതായി, പ്രകൃതിയ്ക്ക് ഏറ്റവുംചേർന്ന നല്ല ഉപകരണമായി മനുഷ്യൻ ലോകത്തെത്തന്നെ ധന്യവുമാക്കുന്നു.

6. പരമതത്ത്വത്തിൽ പൂർണവിശ്വാസം അർപ്പിച്ച് എല്ലാ പ്രവൃത്തികളും ചെയ്യുക, പരമതത്ത്വത്തിൽ സർവകർമങ്ങളേയും ഉപേക്ഷിയ്ക്കുക; ഈ രണ്ടും തമ്മിലുള്ള വ്യത്യാസം, ആദ്യത്തേതിൽ പ്രവർത്തനാഹങ്കാരം തെളിഞ്ഞുനില്ക്കുന്നു. രണ്ടാമത്തേതിൽ അഹങ്കാരവും മമതയും നീങ്ങി, സംന്യാസാത്മകവും ത്യാഗാത്മകവുമായ പവിത്രത യാകും ശോഭിയ്ക്കുന്നത്.

7. ഇങ്ങനെയുള്ളവൻ, കൃഷ്ണൻ ഉറപ്പുനല്കുന്നു, എല്ലാ കഷ്ടപ്പാടുകളും തരണംചെയ്യും. കാരണം, തനിയ്ക്കു കൈവന്ന അഹങ്കാര ത്യാഗംതന്നെ. തന്മൂലം അന്തരംഗത്തിനു ലോകത്തിൽനിന്നുള്ള എന്ത് ഉൾവരവിനേയും ആത്മസാത്കരിയ്ക്കാനുള്ള ശക്തിയും മികവും സ്വാഭാവികമായി സിദ്ധിയ്ക്കുന്നു.

8. ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയാത്തവൻ, കൃഷ്ണൻ പറയുന്നു, അധഃപതനത്തിലേയ്ക്കാണ് നീങ്ങുക.

9. യുദ്ധംചെയ്യില്ലെന്ന തീരുമാനം, ആദ്യം പറഞ്ഞതുപോലെ, അർജുനന്റെ മോഹമാണ്. പ്രകൃതിയുടെ പിടിപ്പ്, തന്നേക്കൊണ്ട് യുദ്ധംചെയ്യിയ്ക്കാതെ വിടില്ല.

10. ഈ അന്തിമസത്യത്തെക്കുറിച്ചു കൂടുതല്ക്കൂടുതൽ വിചിന്തനം ചെയ്യവേ അഹങ്കാരം ചുങ്ങിച്ചുരുങ്ങിവരും. താമസിയാതെ അതു നാമാവശേഷവുമാകും. പ്രകൃതിയുമായി സിദ്ധിയ്ക്കുന്ന തുടർസാമഞ്ജസ്യം ജീവിതത്തെ സുഗമവും കാര്യക്ഷമവുമാക്കയും ചെയ്യും.

**ചേതസാ സർവകർമാണി** (18.57) എന്നുതുടങ്ങി **കരിഷ്യസി അവ ശോऽപി തത്** (18.60) എന്നവസാനിയ്ക്കുന്ന നാലു ശ്ലോകങ്ങൾ ഒരുമിച്ചു പോകുന്നതാണ്. അവ ആന്തരത്യാഗത്തിന്റെ പ്രായോഗികസൂത്രമാണ്. അത് ഉൾക്കൊണ്ട് ഒരുവന് എല്ലാ പ്രവൃത്തികളേയും തീരെ വിഷമമോ ബന്ധനമോ ഇല്ലാതെ ചെയ്യാൻ

കഴിയും. വേണ്ടത്ര അധ്യാത്മപവിത്രതയും മമതയില്ലായ്മയും ഉൾക്കൊള്ളുന്ന ഈ സിദ്ധാന്തം മനസ്സിലാണ് അടിമുടി നിലകൊള്ളുന്നത്.

ഒരു വലിയ വൃത്തത്തിന്റെ *സെന്റർ*പോലെ, മമതയില്ലാത്ത ഈ പവിത്രത മനസ്സിൽ കേന്ദ്രീയമായി പ്രവർത്തിയ്ക്കുന്നു. പ്രവൃത്തികളുടെ വൈവിധ്യവും കാരണവും എന്തുമാകട്ടെ, ഈ കേന്ദ്രീയധന്യതയ്ക്കു വേണ്ടത്ര മികവും സാധ്യതയുമുണ്ട് എന്തിനേയും ലഘൂകരിയ്ക്കാനും, എളുപ്പത്തിൽ സമഞ്ജസമാക്കാനും. ജിജ്ഞാസു ഇക്കാര്യം വളരെയധികം വിചിന്തനംചെയ്തുനോക്കേണ്ടതാണ്; തന്റെ പ്രവൃത്തികളേയും സമ്പർക്കങ്ങളേയും വേണ്ടതുപോലെ നയിയ്ക്കാൻ തുടങ്ങുന്നതുവരെ.

– തുടരും

എന്തു വികാരവിക്ഷുബ്ധതയും പെട്ടെന്നു വേലിയേറ്റംപോലെ വരുന്നതാണ്; മനസ്സിന്റെ പ്രകൃതി ഇതിനു യോജിച്ചതത്രെ. കോളിളക്കം ശമിയ്ക്കുന്നതോടെ താൻ ചെയ്തതിനെക്കുറിച്ചു സാധകൻ കൂലങ്കഷമായി ചിന്തിയ്ക്കാൻ തുടങ്ങുന്നു. ഈ ആത്മപരിശോധനയാണ് ശിഷ്യഹൃദയത്തെ മെരുക്കിയെടുക്കുന്നത്, അപാകവും അധികത്തവുമൊക്കെ ക്രമീകരിച്ചെടുക്കാൻ സഹായിയ്ക്കുന്നത്; അല്ല, നിർബന്ധിയ്ക്കുന്നതുതന്നെ. വിവേകമുള്ളവന് ഈ പരിശോധന കൂടുതലും ഫലപ്രദമാകും.

**– സ്വാമിജി**



സംപൂജ്യ സ്വാമിജി പാണ്ഡവഗിരി അയ്കുന്നു ദേവീക്ഷേത്രത്തിലെ
പൊങ്കാലമഹോത്സവം ഉദ്ഘാടനം ചെയ്യുന്നു (2017 മാർച്ച് 5)




**123**

## മനസ്സിനെ നന്നാക്കുന്നത് മനുഷ്യോദ്ദേശം

2009 ഒക്ടോബർ 29

**ഹരിഃ ഓം തത് സത്.** ജയ്ഗുരു. അധ്യാത്മജീവിതം, വിശേഷിച്ചും ഈ ആശ്രമത്തിലേത്, വളരെ പ്രായോഗികമായ നിരന്തരസാധനയെ ആശ്രയിച്ചാണ് ഇരിയ്ക്കുന്നത്. ഇവിടെ ഒരുതരം കർമാനുഷ്ഠാനവും നമ്മൾ നടത്തുന്നില്ല, പൂജാവിധിയോ ക്രിയാവിധിയോ ഒന്നും അനുസരിയ്ക്കുന്നില്ല, ക്ഷേത്രത്തിലും പതിവായി പോകാൻ താത്പര്യമില്ല, വൈദികതാന്ത്രികമായ വേറെയൊന്നും ചെയ്യുന്നുമില്ല.

എന്തുകൊണ്ടാണ് ഇതിലൊന്നും ഇവിടെ ആർക്കും താത്പര്യമില്ലാത്തത്? **സർവേ മനോനിഗ്രഹലക്ഷണാന്താഃ,** എന്നു നമുക്കു നല്ലപോലെ അറിയാം. മനസ്സിൽ പ്രവേശിച്ച് അതിനെ ശരിയാക്കിയെടുക്കയെന്ന ഒറ്റ ഉദ്ദേശമാണ്, പൂജ, തപസ്സ്, വ്രതം, ദാനം, ധർമം എന്നീ എല്ലാ കർമാനുഷ്ഠാനങ്ങൾക്കുമുള്ളത്.

എന്തു പ്രത്യേക പദ്ധതിയിലും, അതു നടത്തുന്നവന്റെ മനസ്സ് പവിത്രമാകുന്നതാണ് ലക്ഷ്യം. അതിനുള്ള പരിശ്രമം ഏവർക്കും എപ്പോഴും ആവാം. സാധകന്റെ ജീവിതം അതിനുള്ളതാണുതാനും.

ഇവിടെ പിന്തുടരുന്ന സാധനയ്ക്കു മനസ്സേ വേണ്ടൂ. എവിടെയും മനസ്സ് നിങ്ങളുടെ കൂടെ ഉണ്ടാകും. അപ്പോൾ അതിനെ ധന്യമാക്കലും കൂടെ നടക്കേണ്ടതാണ്. മനുഷ്യജീവിതത്തിന്റെ ഉദ്ദേശം ഇതല്ലേ?

ആർക്കെങ്കിലും ഞാൻ ദീക്ഷ നല്കുമ്പോൾ, ‘ഇതു മനസ്സിനുള്ളതും മനസ്സ് പിന്തുടരേണ്ടതുമാണ്. ദീക്ഷയെ സർവസ്വവുമായി കരുതി ഭദ്രമായി സൂക്ഷിച്ചുപോന്നാൽ, പോകേണ്ടതെല്ലാം പോയി, വരേണ്ടതെല്ലാം വരും; ദോഷം, കല്മഷം, കറ, എല്ലാം നീങ്ങി പവിത്രത ഉളവാകും. മനസ്സിൽ കേന്ദ്രീകരിച്ചു കഴിയൂ,’ എന്നാണ് പറയാറുള്ളത്.

അങ്ങനെയിരിയ്ക്കേ, മനസ്സിനെ നേരെയാക്കാൻ പറ്റുന്നില്ലെന്നാണ് നിങ്ങളാരെങ്കിലും പറയുന്നതെങ്കിൽ എന്റെ ജീവിതംതന്നെ വ്യർഥമാണെന്നു തോന്നിപ്പോകുന്നു.

ദേഹത്തിലെ തകരാറുകൾ, പൊക്കം കുറവ്, ഒരു വിരൽ കുറവ് എന്നിങ്ങനെ പലതും, തീർക്കാൻ ആയില്ലെന്നു വരാം. പക്ഷേ മനസ്സി ലുള്ള എന്തു ദൂഷ്യ ങ്ങളും നമുക്കു തീർത്ത് അന്തരംഗത്തെ പാലുപോലെ കോമളമാക്കാൻ കഴിയു മെന്നാണ് അധ്യാത്മശാസ്ത്രങ്ങൾ ഓതുന്നത്. നിങ്ങൾ 'ഇതു ശരിയല്ല, സാധി ക്കില്ല' എന്നു പറയുന്നപക്ഷം എനിയ്ക്കു തോന്നുന്നു, മനുഷ്യജീവിതംതന്നെ വ്യർഥമായേയ്ക്കും. പിന്നെ ഞാൻ എന്തിനു ജീവിയ്ക്കുന്നു, ആരോട് എന്തു സംസാരിയ്ക്കാൻ?

ഇന്നത്തെ ഒരു സംസാരത്തെത്തുടർന്നാണ് ഞാൻ ഇതു പറയുന്നത്. ഇത്ര യ്ക്ക് ഇടുക്കവും അബദ്ധവുമാണോ ഓരോരുത്തരും സ്വന്തം ഉള്ളിൽ വെച്ചുപു ലർത്തുന്നത്? മനസ്സിനെ നേരേയാക്കാൻ പറ്റില്ലെന്നു പറഞ്ഞാൽ, പിന്നെ എന്തി നെയാണ് നിങ്ങൾ നന്നാക്കി മികവു വരുത്തുക? പട്ടിയും പൂച്ചയുംപോലെ ഉണ്ടും ഉറങ്ങിയും ജീവിച്ചാൽ മതിയോ? വസ്ത്രം ധരിയ്ക്കുന്നുവെന്ന വ്യത്യാ സമേ മനുഷ്യന്നുള്ളു എന്നു വരുന്നതു ശരിയാണോ?

കറുത്ത മനസ്സാകട്ടെ, വിരോധമില്ല. പല ദൂഷ്യങ്ങളും ഉണ്ടാകട്ടെ, അതും സമ്മതിയ്ക്കാം. പക്ഷേ തനിയ്ക്കു ദൂഷ്യമുണ്ട്, അതു നീങ്ങണമെന്ന് ആർക്കാ യാലും തോന്നാതിരിയ്ക്കുന്നതു ക്ഷന്തവ്യമല്ല.

കുശുമ്പ് ഉണ്ടാവാം, അതു തുറന്നു സമ്മതിയ്ക്കുന്നതിൽ എന്താണ് തെറ്റ്, വിരോധം? രോഗത്തെപ്പറ്റി തുറന്നു പറഞ്ഞിട്ടല്ലേ, അതിനു മരുന്നും ചികിത്സയും നടത്തുന്നത്. വേണ്ടപ്പെട്ടവരോടു തുറന്നു പറഞ്ഞാൽത്തന്നെ കുശുമ്പു പകുതി മാറിക്കളയും.

കുശുമ്പ് ആരോടു തോന്നുന്നുവോ ആ ആളെ ഇഷ്ടപ്പെടാൻ തുടങ്ങൂ. തനി യ്ക്ക് ഇഷ്ടപ്പെട്ടവൻ നന്നായി കഴിയുന്നുവെന്ന് അറിയുമ്പോൾ, അതിൽ സന്തോ ഷമോ കുശുമ്പ് ആണ് തോന്നുക, തോന്നേണ്ടത്?

ഇന്ത്യൻ *ടീം* കളിയ്ക്കാൻ പോയി, അവർ ജയിച്ചു. ഏതോ *ടീം* എവിടെയോ ജയിച്ചു, അതിൽ സന്തോഷമല്ലേ ഉളവാകുക. അതുപോലെ വേണ്ടപ്പെട്ട ഒരാ ളോടു കുശുമ്പു തോന്നിയാൽ, അതു തിരുത്തിയെടുക്കാൻ എളുപ്പമാണ്.

കുശുമ്പു തോന്നരുതെന്നു പറയുന്നില്ല. നിങ്ങളുടെ കുശുമ്പു നിങ്ങൾതന്നെ തുറന്ന് ഉണർത്തിയ്ക്കണമെന്നേ പറയുന്നുള്ളൂ. അതുകൊണ്ട് മനസ്സ് പരിശുദ്ധ മാകുമെന്നാണ് എനിയ്ക്കു പറയാനുള്ളത്. ഇല്ല, ഇതു സാധ്യമല്ലെന്ന നിലപാ ടാണ് നിങ്ങൾക്കെങ്കിൽ, ലോകസംഗ്രഹാർഥം അനവരതം പ്രവർത്തിയ്ക്കുന്ന ആശ്രമത്തിന്റെ നില്പുതന്നെ നിരർഥകവും നിഷ്പ്രയോജനവുമാണെന്നു വരില്ലേ? അധ്യാത്മശാസ്ത്രംതന്നെ അസ്ഥാനത്താണെന്നും വരില്ലേ?

രാമായണവും മഹാഭാരതവുമൊക്കെ രചിച്ചത് എന്തിനാണ്? വായിച്ചു വായിച്ച് അതിലെ മൂല്യങ്ങളും പെരുമാറ്റങ്ങളുമെല്ലാം ഉൾക്കൊണ്ട് അനുസരി യ്ക്കാൻ, എന്നിട്ടു ജീവിതത്തെ കൂടുതൽ ഫലപ്രദവും ധന്യവുമാക്കാൻ.

സ്വന്തം വീടിനെക്കുറിച്ച് ഇങ്ങനെ ഒരു ചരിത്രരചന സാധിയ്ക്കുമോ?

നിങ്ങളുടെ വീടു നന്നായിരിയ്ക്കാം, രണ്ട് മക്കളും അച്ഛനും അമ്മയുമുണ്ട്. എന്നാലും, അവർ ഒരു രാമായണരചനയ്ക്കു വകയാകുമോ?

ഒരു രാമൻ ഉണ്ടായിരുന്നു, ലക്ഷ്മണനും. ഭരതനും, ശത്രുഘ്നനും; കൂടെ സീതയുണ്ട്, ഊർമിളയും. അവരുടെ ഗുണങ്ങളും സ്വഭാവമഹിമക ളുമൊക്ക വായിച്ചുവായിച്ചു നമ്മുടെ മനസ്സിൽ ആ ഗുണമേന്മകൾ കുറേശ്ശയായി പതിഞ്ഞു സ്ഥാനംപിടിയ്ക്കണം.

അവർ ഉണ്ടായിരുന്നോ ഇല്ലയോ എന്നതിരിയ്ക്കട്ടെ. അവരെപ്പറ്റി വായിച്ചു പഠിച്ചു സംസാരിയ്ക്കുമ്പോൾ, വിശിഷ്യ ചർച്ചചെയ്യുമ്പോൾ, നമ്മുടെ മനസ്സിലാണ് ആ സച്ചരിതങ്ങൾ ഇറങ്ങിച്ചെന്നു വിശേഷബു ദ്ധിയും സദാചാരവും ധന്യതയും അണയ്ക്കുന്നത്. മനസ്സ് രാമന്റേതു പോലെയാകും, ചെറിയ തോതിലെങ്കിലും. നമുക്കാവശ്യവും അതാ ണല്ലോ. അതിനു കഴിയില്ലെന്നു പറയുന്ന പക്ഷം, പിന്നെ എന്താണ് ബു ദ്ധിയും ഇച്ഛാശക്തിയുമുള്ള മനുഷ്യനു സാധിയ്ക്കുക എന്ന ചോദ്യം വരുന്നു.

**ദേഹത്തിലെ രക്തസഞ്ചാരംപോലെയാണ് മനസ്സിലെ വിചാരങ്ങളും. അവ വന്നോട്ടെ, അതിൽ ഇഷ്ടപ്പെടാത്തതിനെ, അതേ അടിസ്ഥാനത്തിൽ തള്ളിക്കളയൂ, ഇഷ്ടമുള്ളതിനെ പോഷിപ്പിച്ചോളൂ. തനിയ്ക്കു തോന്നുന്ന ഇഷ്ടവും അനിഷ്ടവും അപ്പോഴല്ലേ അന്വർഥമാകൂ.**

ഇഷ്ടമില്ലാത്തതിനെ, അതേ കാരണത്താൽ ശ്രദ്ധിയ്ക്കരുതല്ലോ. അങ്ങനെ ചെയ്താൽ അതു താനേ പോകയും ചെയ്യും, ഇഷ്ടമുള്ളതു തങ്ങിയും നില്ക്കും. ഇത്ര എളുപ്പമാണ് കാര്യം. പക്ഷേ ഈ മാർഗമല്ലല്ലോ മനുഷ്യൻ അവലംബിയ്ക്കുന്നത്. എന്നിട്ടു പലേ പുണ്യസ്ഥലങ്ങളിലേയ്ക്കും പോകും. മനസ്സിന്റെ ഘടനയെ, അഴുക്കും ചളിയും, അറിഞ്ഞു വിവേകപൂർവം മാറ്റാതിരുന്നാൽ എന്താണ് അവർക്കു കിട്ടാൻ പോകുന്നത് ആവോ?

ഓരോരോ ക്ഷേത്രത്തിലും പോയി പലരും ധാരാളം പണവും സാധനങ്ങളും സമർപ്പിയ്ക്കുന്നുണ്ടല്ലോ. അതിൽ എന്തെങ്കിലും ഒന്ന്, ഒരു പൊട്ടുപോലും ദേവനും ദേവിയും എടുക്കുന്നുണ്ടോ, അവർക്ക് ആവശ്യമുണ്ടോ എന്ന് ആരെങ്കിലും ആലോചിച്ചുനോക്കാറുണ്ടോ? വിശ്വാസവും ഭക്തിയും ഉണ്ടെന്നതു ശരി; എന്നാൽ അതു വളർന്നു പുഷ്പിച്ചു ഫലിയ്ക്കേണ്ടേ?

ഏകാദശസ്കന്ധം ഒരു അധ്യായം ഇവിടെ സംപ്രേഷണത്തിനു വേണ്ടി പറഞ്ഞതാണല്ലോ. അതിൽ ഒമ്പതു യോഗികൾ ഭക്തന്റെ സ്വഭാ വവിശേഷങ്ങളെക്കുറിച്ചു നിമിചക്രവർത്തിയോടു സംസാരിയ്ക്കയാണ്. ഓരോരുത്തരും അവരവരുടെ വീക്ഷണമാണ് വിശദമാക്കുന്നത്. ആ ചർച്ച മുഴുവനും, ഭക്തന്റെ ചിന്ത എങ്ങനെയാകണം, മനോഭാവവും പെരുമാറ്റവും എന്താകണം എന്നുതന്നെ. ഭക്തന്മാർക്കും ഭക്തിയ്ക്കും അങ്ങേയറ്റം ഉപയുക്തവും പൂരകവുമാണ് യോഗിവര്യരുടെ ഓരോ വാക്കും.

അവനവന്റെ മനസ്സ് നന്നാവില്ലെന്നു പറഞ്ഞാൽ പിന്നെയെന്താണ് നിങ്ങളിൽ

നന്നാവാനുള്ളത്? നന്നാവാത്ത മനസ്സ് നിങ്ങൾക്കു സന്തോഷകരമാണോ, സമ്മതമാണോ? അതിനെ ഒന്നു നന്നാക്കി സന്തുഷ്ടമാക്കിയാൽ എന്താ തെറ്റ്, അതിന് എന്താണ് വിരോധം?

എനിയ്ക്ക് ഊന്നിപ്പറയാനുള്ളത് അധ്യാത്മജീവിതം വളരെ സന്തോഷകര മാണ്. അതിന്റെ രഹസ്യം മനസ്സിലാക്കണമെന്നേയുള്ളു.

നിങ്ങൾ ഇതിനു തലകുത്തി നില്ക്കണമെന്നു പറയുന്നില്ല. ഓടൂ, ചാടൂ, മല കയറൂ, പുഴയിറങ്ങൂ, വെയിലത്തു കിടക്കൂ, മഞ്ഞിൽ കഴിയൂ, ഇങ്ങനെയൊന്നും നിർബന്ധിയ്ക്കുന്നില്ല. കണ്ണടച്ചിരുന്ന്, മനസ്സിനെ ഒന്നു പരിശോധിച്ച്, ദൂഷ്യവ ശങ്ങൾ നീക്കി നല്ലതാക്കിത്തീർക്കൂ എന്നു മാത്രമാണ് നിർദേശിയ്ക്കുന്നത്.

എന്തു ദൂഷ്യവശങ്ങളും നിങ്ങളെ ദു:ഖിപ്പിയ്ക്കുന്നതല്ലേ? നല്ലതോ, തുലോം സന്തോഷിപ്പിയ്ക്കുന്നതും. അപ്പോൾ നല്ലത് അംഗീകരിച്ച്, ചീത്തയോടു വിട പറയാൻ എന്താ വിഷമം, എന്തിനു മടിയ്ക്കണം?

നമ്മുടെ ബ്രഹ്മചാരി പ്രസന്നസ്വരൂപനുണ്ടല്ലോ, അദ്ദേഹത്തിന്റെ കാര്യങ്ങ ളൊക്കെ അനിതരസാധാരണമാണ്, രസകരവും. നിങ്ങൾ തന്നെ പ്രസന്നനോടു നേരിട്ടു സംസാരിച്ചു കൂടുതൽ വിവരം അറിയുകയാണ് നല്ലത്.

ആശ്രമത്തോട് അടുക്കുന്നതിനുമുമ്പേ പ്രസന്നൻ തന്റെ ഉയർന്ന ഉദ്യോഗം വിട്ടിരുന്നു. ചെറുപ്പം മുതലേ എനിയ്ക്ക് ആ കുട്ടിയെ അറിയാം. എന്നോട് ഒരു അവസരത്തിൽ പറഞ്ഞതു തെളിഞ്ഞുനില്ക്കുന്നു:

“ഔദ്യോഗികജീവിതത്തിൽ എനിയ്ക്കു ശമ്പളം പോരാ, ഇനിയൊരാൾക്കു കൂടുതൽ കിട്ടുന്നു എന്നും മറ്റും *മാനേജ്മെന്റി*നോടു പറയേണ്ടിവന്നിട്ടില്ല. അങ്ങനെ ഒരു ചിന്ത മനസ്സിലും കടന്നിട്ടില്ല. പ്രത്യേക ചിലസന്ദർഭങ്ങൾ കൈ കാര്യംചെയ്യുമ്പോൾ തിങ്ങലോ വിങ്ങലോ ഉണ്ടാകാറുമില്ല.”

എൻ.ഐ.ഐ.ടിയിൽ ഉദ്യോഗസ്ഥനായിരിയ്ക്കേ, വിദേശത്തുനിന്നു കമ്പനിയ്ക്കു *റെക്കഗ്നിഷൻ* നല്കാൻവേണ്ടി ചില വിദഗ്ധർ പരിശോധനയ്ക്കു വന്നിരുന്നു. അവരോടു സംസാരിയ്ക്കാനും സമ്പർക്കം നടത്താനുമായി നാലു പേരെ നിശ്ചയിച്ചതിൽ ഒന്ന് ഈ കുട്ടിയാണ്. കമ്പനിയുടെ കാര്യങ്ങളൊക്കെ വിശദീകരിച്ചു വന്നവരെ തൃപ്തിപ്പെടുത്തി, പക്ഷേ അവസാനത്തെ *മീറ്റിങ്ങി*നു വിളിച്ചില്ലത്രെ.

എന്തേ വിളിയ്ക്കാതിരുന്നേ എന്നു ഞാൻ ചോദിച്ചപ്പോൾ, അറിയില്ലെന്നാണ് പറഞ്ഞത്. പരിശോധിയ്ക്കുന്നവരോടു ചില കാര്യങ്ങൾ താൻ തുറന്നു പറഞ്ഞേ യ്ക്കുമോ, അപ്പോൾ അംഗീകാരം കിട്ടാതെ വരുമോ എന്ന സംശയമാകാം മുക ളധികാരികളുടെ മനസ്സിലെന്നു കൂട്ടിച്ചേർത്തു:

“എന്നെ അവർ വിളിച്ചില്ല, അപ്പോൾ എന്തുവേണം? ഒന്നുകിൽ വിളിയ്ക്കാ ത്തതിൽ പ്രതിഷേധിച്ചു കമ്പനിയുടെ ദൂഷ്യങ്ങൾ വെളിപ്പെടുത്തി അംഗീകാരം നിർത്തിവെപ്പിയ്ക്കാം. അല്ലെങ്കിൽ എനിയ്ക്കു ജോലി രാജിവെച്ചു പോകാം. ഇതു രണ്ടുമല്ല തീരുമാനിച്ചത്.

*"മാനേജ്മെന്റിന്* എന്തോ സംശയം തോന്നി, ആയ്ക്കോട്ടെ, *മാനേജ്മെന്റി* നുള്ളിൽ ഇരുന്നുകൊണ്ടുതന്നെ അവർക്കു തെറ്റു പറ്റീട്ടുണ്ടെങ്കിൽ, അതു മനസ്സി ലാക്കാൻ അവസരം നല്കി അവിടെത്തന്നെ തുടരാ മെന്നാണ് നിശ്ചയിച്ചത്." ഇതൊരു ദൃഷ്ടാന്തം, അത്രതന്നെ.

ചിലർക്കു മോശം മനസ്സുണ്ടാകാം. അതിനെ പുറന്തള്ളണമെന്നു ശാസ്ത്രം പറയുന്നില്ല. **നിങ്ങളുടെ മനസ്സ് നല്ലതോ പൊല്ലാത്തതോ ആകട്ടെ. ഈശ്വര നോടു ഭക്തിയുണ്ടായാൽ മതി. അതിൽനിന്നു വേണ്ടതൊക്കെ കൈവരും, വേണ്ടാത്തതു പോകയും ചെയ്യും.**

**സ്വല്പമപ്യസ്യ ധർമസ്യ ത്രായതേ മഹതോ ഭയാത്** (ഗീത 2.40) ഈ പറ യുന്ന ധർമത്തിന്റെ പൊട്ടുപോലും ഉണ്ടെങ്കിൽ നിങ്ങൾക്കു വലിയ ഭയത്തിൽ നിന്നു രക്ഷപ്പെടാം. ഇതാണല്ലോ ഭഗവദ്ഗീതയുടെ വാഗ്ദാനം. നല്ലതും തിരു ത്തുമൊക്കെ ഒറ്റടിയ്ക്കു മുഴുവനും വിഴുങ്ങണമെന്നു പറയുന്നില്ല. 100 ശതമാന ത്തിൽ, .0001 കൈവരിച്ചാലും മതി, വേണ്ടതായി.

മുഴുവനുമെന്നു പറയുമ്പോൾ ആകാശത്തേക്കാളും എത്രയോ ഏറെ തന്നെ. അതിലെ ചെറിയ പൊട്ടുപോലുമായാൽ ആവോളമാകും.

വലിയ വിഷമമാണ് കുറച്ചുദിവസമായി തോന്നുന്നത്. മനസ്സിനെ കൈകാര്യം ചെയ്യാൻ പറ്റില്ലെന്നു മനുഷ്യർ പറയുന്നത് എന്തുകൊണ്ട്? ശാസ്ത്രത്തിനു വിരോധമാണ് ഈ നിലപാട്, തികച്ചും വിരോധം.

**ഉദ്ധരേത് ആത്മനാ ആത്മാനം ന ആത്മാനം അവസാദയേത്** (6.5) എന്നല്ലേ കൃഷ്ണൻ എടുത്തുപറയുന്നത്. ഏതു ശാസ്ത്രത്തിലും ഇതുതന്നെ ആഹ്വാനം. നിങ്ങളൊന്ന് ആലോചിച്ചു നോക്കു.

**ഹരിഃ ഓം തത് സത്.** ജയ് ഗുരു.

ജ്ഞാനത്തിനുമാത്രമേ അഹങ്കാരമെന്ന സംസാരവിത്തിനെ പിഴു തെറിയാനാകൂ. വിവേകത്തിന്റെ ചുവടുപിടിച്ചു ചെല്ലുമ്പോഴേ ജ്ഞാന ലാഭമുണ്ടാകൂ. അഹങ്കാരം നീങ്ങുന്നതോടെ സാധന പര്യവസാനിയ്ക്കു ന്നു. അപ്പോഴാണ് ഒരുവൻ സ്വച്ഛസ്വതന്ത്രനാകുക.

**– സ്വാമിജി**



ഡോ. സുനിൽ, ശ്രീമതി നീന നന്ദ്വാനി ഗുർവർച്ചന നടത്തുന്നു
(സി.ഐ.ആർ.ഡി, ജംഷഡ്പൂർ 2017 ഫെബ്രുവരി 09)

# മനസ്സ് നിറയവേ ലോകം അമൃതുപൂർണം

- മാ ഗുരുപ്രിയ

**പൂർണേ മനസി സംപൂർണം**
**ജഗത്സർവം സുധാദ്രവൈഃ**
**ഉപാനദ്-ഗൂഢപാദസ്യ നനു**
**ചർമാസ്തൃതൈവ ഭൂഃ** (യോഗാവസിഷ്ഠം 5.21.14)

**പൂർണേ മനസി** = മനസ്സ് പൂർണമാകുമ്പോൾ; **ജഗത് സർവം** = ലോകം മുഴുവനും; **സുധാദ്രവൈഃ** = അമൃതൊഴിക്കിനാൽ; **സംപൂർണം** = നിറയുന്നു; **ഉപാനദ്ഗൂഢപാദസ്യ**= ചെരുപ്പിട്ട കാലിന്; **ഭൂഃ** = ഭൂമി; **നനു ചർമാസ്തൃതാ ഏവ** = തോലുകൊണ്ട് മൂടിയതുപോലെയല്ലേ.

**മനനവിഷയം**

മനുഷ്യമനസ്സ് അസംതൃപ്തമാണ്. ജീവിതത്തിൽ എന്തെല്ലാം നേട്ടങ്ങൾ, യോഗ്യതകൾ കൈവരിച്ചാലും ഉൾപ്പൂർണതയോ സാഫല്യബോധമോ അപൂർവമായേ ഉളവാകുന്നുള്ളൂ; അപര്യാപ്തതയും അസംതൃപ്തിയും ഉൾശൂന്യതയുമാകട്ടേ ആവോളം അനുഭവപ്പെടുന്നുണ്ടുതാനും. പൂർണമായ ഉള്ളാനന്ദം ലഭിയ്ക്കുന്നില്ല. മറിച്ച്, പലപ്പോഴും ദു:ഖവും പിണയുന്നു.

ലൗകികനേട്ടങ്ങളിലൂടെ സന്തുഷ്ടരാകാമെന്നതു വെറും മോഹമാണ്; എന്നാലും ലോകവസ്തുക്കൾക്കുള്ള ആഗ്രഹങ്ങൾ കുറയുന്നില്ല. ഒരു ആഗ്രഹം നിറവേറുമ്പോഴേയ്ക്കും, തൃപ്തി നിഷേധിച്ചുകൊണ്ട് കൂടുതൽ ആഗ്രഹങ്ങൾ തള്ളിക്കയറുകയായി. മനസ്സിൽ ഉത്കണ്ഠയും ക്ഷോഭവും അസന്തുഷ്ടിയും തന്നെ എപ്പോഴും.

**ആത്മാവിനാൽത്തന്നെ മനസ്സ് നിറയുമ്പോഴേ, ഒരുവനു പൂർണമായ ആനന്ദവും സമാധാനവും കൈവരൂ. ആഗ്രഹങ്ങൾ കൊഴിഞ്ഞ്, സംതൃപ്തി നേടി ലോകത്തുനിന്ന് ഒന്നും നേടാനില്ലെന്നു വരുന്നതോടെയാണ് ഈ അവസ്ഥ പ്രാപിയ്ക്കുക.**

ഇഷ്ടാനിഷ്ടങ്ങളുടെ വലയം വിട്ടുയർന്ന അദ്ദേഹം ജീവിതഗതിയിൽ എന്തു സംഭവിക്കിലും സന്തുഷ്ടനായിത്തന്നെ നിലകൊള്ളുന്നു. ആഗ്രഹങ്ങളുടേയും പ്രതീക്ഷകളുടേയും അഭാവത്തിൽ മനസ്സ് അനേകത്വത്തിനും ഭേദഭാവത്തിനും അതീതമായി നില്ക്കുന്നു. ഒരു പൊരുളേ ഉള്ളുവെങ്കിൽ ആര്, എന്തിനെ, ആരിൽനിന്ന് ആഗ്രഹിയ്ക്കും? സമുദ്രത്തിന്റെ പൂർണാവസ്ഥയ്ക്കു സമാനമായി മനസ്സ് സന്തുഷ്ടമാവുന്നു.

ഇപ്രകാരമുള്ള ചിത്തം പരമാനന്ദാവസ്ഥ പ്രാപിയ്ക്കുന്നു. ആരുടെ മനസ്സാണോ ഇങ്ങനെ ആനന്ദത്താൽ നിറയുന്നത് അദ്ദേഹത്തിനു മുഴുവൻ ലോകവും പീയൂഷഭരിതമായി അനുഭവപ്പെടുന്നു.

ഈ ശ്ലോകത്തിലുള്ള ഒരു ഉദാഹരണം എത്ര സ്പഷ്ടവും പൂർണവുമാണ്. കാലിൽ തോൽച്ചെരുപ്പിട്ടു നടന്നാൽ, ഭൂമിയാകെ തോൽവിരിച്ചതാകും ഫലം. കാലടി ഭൂമിയെ തൊടുകയേയില്ല, പകരം തോലിലാകും നില്ക്കുക. ഭൂമിമുഴുവനും തോൽവിരിച്ചാലും ഇതുതന്നെ അനുഭവം.

**ആനന്ദം നിറഞ്ഞ മനസ്സിനു ലോകമാകെ അമൃതുസമംതന്നെ.**

ഈ ശ്ലോകം ആവർത്തിച്ചു ചൊല്ലി വശമാക്കുന്നതിലൂടെ, ആഗ്രഹങ്ങളുടെ അഭാവത്തിലും കുറവു തോന്നാതെ, മനസ്സ് തൃപ്തമായി തുടരുന്നു. സർവ ആഗ്രഹങ്ങളും വിട്ട്, സദാപൂർണതലത്തിലേയ്ക്ക് ഉയരാനുള്ള തീവ്രാഭിലാഷം ജനിയ്ക്കുന്നു.

പരിഭാഷ - കുമാരി വേണുഗോപാൽ




സംപൂജ്യ സ്വാമിജി, മാജി കൊല്ക്കത്തയിലെ ശ്രുതിനന്ദനിൽ നല്കിയ സത്സംഗത്തിൽ പണ്ഡിറ്റ് അജോയ് ചക്രവർത്തിയോടൊപ്പം

# വ്യാസമഹാഭാരതം

# ഏവരും വായിയ്ക്കേണ്ട ആത്മകഥ

### യതോ ധർമസ്തതോ ജയഃ

(ധർമത്താലേ ജയം മേവൂ)

(ഭീഷ്മപർവം 2.14)

*കർമാനുഷ്ഠാനങ്ങളും ജ്ഞാനനിഷ്ഠയുമായി മാടിവിളിയ്ക്കുന്ന വേദങ്ങൾ, ചരിത്രരചനകൂടിയായ രാമായണം, മഹാഭാരതം എന്നീ രണ്ട് ഇതിഹാസങ്ങൾ, അനന്തരം രൂപംപൂണ്ട പുരാണങ്ങളും മറ്റും; ഇതെല്ലാം കൂടി പ്രതിപാദിയ്ക്കുന്നതാണ് സനാതനധർമം. വേദോപനിഷത്തുകൾ അനാദി. രാമായണമോ സൂര്യവംശചരിത്രം. മഹാഭാരതമാകട്ടേ ചന്ദ്രവംശചരിത്രവും. ഈ രണ്ടു വംശങ്ങളും ഭാരതഭൂമിയെ ഭരിച്ചിരുന്നു. രാമായണത്തിനു പഴക്കം ഏറെയുണ്ട്. മഹാഭാരതത്തിനു 5000 ത്തിൽപ്പരം വർഷങ്ങളും, 5154 വർഷം മുമ്പെന്നു പറയാം.*

*രാമായണത്തിൽ കാണുന്ന മനുഷ്യമനസ്സിന്റെ ചരിത്രം മഹാഭാരതത്തിൽ കുടുതൽ സങ്കീർണവും പൂർണവുമാണ്. ലോകത്തിൽ ഉള്ളതൊക്കെ മഹാഭാരതത്തിലുണ്ട്. മഹാഭാരതത്തിൽ ഇല്ലാത്തതോ, എങ്ങുമില്ലതാനും. അത്രയ്ക്ക് ഉറച്ചാണ് വ്യാസദേവൻ സംസാരിയ്ക്കുന്നത്.*

*താനടക്കം ആറു തലമുറകളുടെ ചെയ്തികളും അനുഭവങ്ങളും വിവരിയ്ക്കുന്ന മഹാഭാരതം വ്യാസദേവന്റെ ആത്മകഥതന്നെ. നടന്ന സംഭവങ്ങളെ നൂറ്റാണ്ടുകൾക്കുശേഷം അവിടിവിടെ തേടിപ്പിടിച്ചു കൂട്ടിച്ചേർത്തു രചിയ്ക്കുന്ന ചരിത്രഗ്രന്ഥംപോലെയല്ല മഹാഭാരതം. രചയിതാവു പങ്കാളിയും ദൃക്സാക്ഷിയുമായി അരങ്ങേറിയ കാര്യങ്ങളേ വ്യാസൻ അതിൽ സത്യസന്ധമായി എഴുതുന്നുള്ളു. അതേ, സമകാലീന രചനതന്നെ മഹാഭാരതം. രാമായണരചനയിലും വാല്മീകി സമകാലീ നനായി നില്ക്കുന്നു.*

*ശ്രീരാമചരിതം എഴുതാൻ തുടങ്ങിയ മഹർഷി, രാമാനുജൻ സീതയെ തന്റെ കുടീരത്തിനു മുമ്പിൽ ഉപേക്ഷിച്ചതുമുതൽ, തന്റെ എഴുത്ത് ജീവിതകഥയെന്നതുവിട്ട് ആത്മകഥയായി മാറി. സമകാലീനസംഭവ വിവരണമെന്ന ഈ വ്യത്യാസം രണ്ട് ഇതിഹാസങ്ങളേയും എത്ര പൂർവ ചരിത്രമെന്നപോലെ സർവ കാലപ്രസക്തവുമാക്കുന്നു. മനുഷ്യമനസ്സിന്റെ കാഴ്ച, ചെയ്തി, നീക്കം, ഇവ ആനയിയ്ക്കുന്ന ഫലങ്ങൾ, ഇതെല്ലാം വായനക്കാരന്റെ മുമ്പിൽ നിരത്തിത്തരുകയാണ് ഇതിഹാസകർത്താവ്. അതുവഴി ജനങ്ങളെ വിശേഷജ്ഞരും ക്രിയാകുശലരും നിർഭയസാഹസികളുമാക്കി വാഴിയ്ക്കയും ചെയ്യുന്നു. അതേ,* ***അപൂർവ പ്രതിഭകളുടെ കൈകളിലാണ് ഭൂമി സമ്പന്നയും, ജീവിതം ധന്യവും, ജനങ്ങൾ ആത്മതൃപ്തരും ആവുക.***

*കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആവശ്യമാണ് നല്ല സ്വഭാവവും പെരുമാറ്റവും സമ്പർക്കവ്യവഹാരങ്ങളും. ഇതില്ലെങ്കിൽ പിന്നെ എന്തുണ്ടായിട്ടും*

*കാര്യമില്ല. ഇതു മൂന്നിനുമുള്ള ഗുണമൂല്യ പാഠങ്ങൾ വീട്ടിലും സ്കൂളിലും പഠിപ്പിച്ച് അഭ്യസിപ്പിയ്ക്കേണ്ടതുതന്നെ. ചെറുപ്പത്തിൽ ശീലിച്ചതും പഠിച്ചതുമാണത്രേ മുതിർന്നവരിലും കാതലായി പ്രവർത്തിയ്ക്കുന്നതെന്ന് അധ്യാപന ഗവേഷകർ തുറന്നു സമ്മതിയ്ക്കുന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഗുണമൂല്യസിദ്ധാന്തങ്ങളുടെ സ്രോതസ്സായ മഹാഭാരതകഥാസാരങ്ങൾ അവതരിപ്പിയ്ക്കണമെന്നു തോന്നിയത്. അതിനു ലഭിച്ച സ്വാഗതവും പ്രേരണയും വിചാരിച്ചതിലേറെയാണെന്നതിൽ സന്തോഷവും ഉത്സാഹവുമുണ്ട്.*

*1,25,000 സംസ്കൃതശ്ലോകങ്ങളുള്ള ഈ കാവ്യചരിത്രത്തെ വളരെ ചുരുക്കി ഗദ്യഖണ്ഡങ്ങളാക്കി ചെറുപ്പക്കാർക്കുകൂടി രുചിയോടെ വായിയ്ക്കാവുംവിധം വിചാരസരണിയിൽ ഈ ലക്കംമുതൽ പ്രസിദ്ധീകരിയ്ക്കാൻ തുടങ്ങുന്നത്, സ്കൂൾ വിദ്യാർഥികളടക്കം ഗൃഹവാസികൾ ഇഷ്ടപ്പെട്ടു വായിച്ചു ചർച്ചചെയ്യുമെന്നു കരുതീട്ടാണ്. ഇക്കാര്യത്തിൽ മാതാ പിതാക്കളും വേണ്ടത്ര താത്പര്യം എടുക്കണമെന്ന് ഉണർത്തുകയും ചെയ്യുന്നു.*

**– സ്വാമിജി**

**വിശേഷസംഭവങ്ങളേ ഉന്നതഭാവങ്ങൾ ഉളവാക്കൂ**

ഒരു സ്ഥലം. അതിൽ ഒന്നോ അധികമോ പേർ മുൻകൂട്ടി എന്തെങ്കിലും ഉദ്ദേശിച്ചോ അല്ലാതെയോ ചിലതു ചെയ്തു. അതിന്റെ ഫലമായി ഏതോ അനുഭവവും ഉണ്ടായി. ഇത്രയുമായാൽ ഒരു സംഭവമായി. ഭൂമുഖത്ത് ഇത്തരം സംഭവങ്ങൾ എന്നുമുണ്ടാകും. അവ മിയ്ക്കതും സാധാരണങ്ങളാണ്, ആവർത്തിയ്ക്കുന്നവ; എന്നാൽ അങ്ങനെയല്ലാ ത്തവയും കാണും; അവയാണ് ചിന്തിയ്ക്കാനും പഠിയ്ക്കാനും വക നല്കുന്നത്.

ചെറുപ്പത്തിലേ ചിന്താശീലം വളർത്തണം. മാതൃഗർഭത്തിൽ രൂപപ്പെട്ടതാണ് തലച്ചോറ്; എന്നാൽ അതുപയോഗിച്ചു ചിന്തിയ്ക്കുക ഓരോ ശിശുവും സ്വന്തമായി ചെയ്യേണ്ടതാണല്ലോ. ചിന്താശീലം വളർത്താൻ ഏറ്റവും തുണയ്ക്കുന്നതാണ് കഥകൾ. പണ്ടേമുതൽ നമ്മുടെ കുട്ടികൾ കഥാപ്രേമികളാണ്.

പലരും കഥകൾ എഴുതാറുണ്ട്. മിയ്ക്ക കഥകളും ആനുകാലികമാകും. പുതുപുതു കഥാകാരന്മാർ ഇവയ്ക്കു രൂപം കൊടുക്കുന്നു. ഏറെക്കാലം നില്ക്കേണ്ട കഥകൾ കലാനിർഭരമായി രചിയ്ക്കുന്നവരാണ് കവികൾ. എന്നേയ്ക്കുമുള്ള സംഭവകഥകൾ വിവരിച്ചവരാണ് മഹർഷിമാർ. വ്യാസദേവൻ അവരിൽ മുൻപന്തിയിൽ നില്ക്കുന്നു. അദ്ദേഹത്തിന്റെ കൃതിയാണ് മഹാഭാരതം. അതിലെ കഥകൾ കുറേശ്ശയായി നിങ്ങൾക്കു പറഞ്ഞു തരാം.

**ഉത്തർപ്രദേശ് നൈമിഷാരണ്യത്തിലെ അരങ്ങേറ്റം**

ലോമഹർഷണന്റെ പുത്രനാണ് ഉഗ്രശ്രവസ്സ്. നൈമിഷാരണ്യത്തിൽ പന്തീരാണ്ടു നീണ്ടുനില്ക്കുന്ന ഒരു സത്രം നടന്നു. ഉഗ്രശ്രവസ്സ് അവിടെ ചെന്നു. മഹർഷിമാർ ഉടൻ എഴുന്നേറ്റ് ആ മഹാത്മാവിനെ ബഹുമാനിച്ചിരുത്തി. ദർഭപ്പുല്ലുകൊണ്ടുണ്ടാക്കിയ മേടയിൽ അവരും ഇരുന്നു. താമസിയാതെ ഒരു മഹർഷി ലോമഹർഷണസുതനോടു കഥ കേൾക്കാനുള്ള ആശയോടെ ചോദിച്ചു;

"അങ്ങ് എങ്ങുനിന്നു വരുന്നു? എവിടെയൊക്കെ പോയിരുന്നു?" തന്റെ യോഗ്യതയ്ക്കനുസരിച്ച് ഉഗ്രശ്രവസ്സ് ഉത്തരം നല്കി:

"പരീക്ഷിത്തിന്റെ പുത്രനായ ജനമേജയൻ നടത്തുന്ന സർപ്പസത്രത്തിൽ പങ്കെടുത്ത്, കൃഷ്ണദ്വൈപായനൻ രചിച്ച പവിത്രകഥകൾ അവിടെ വൈശമ്പായനൻ പറഞ്ഞുകൊടുത്തതു ഞാൻ രുചിയോടെ കേട്ടു. അനന്തരം ഭാരതഭൂമിയിലെ തീർഥങ്ങളും മന്ദിരങ്ങളും നടന്നുകണ്ട് സമന്തപഞ്ചകത്തിലെത്തി. അവിടെയാണ് കുരുപാണ്ഡവയുദ്ധം നടന്നത്. പിന്നീടു വിപ്രശ്രേഷ്ഠരായ നിങ്ങളെ കാണാൻ ഇങ്ങോട്ടു പോന്നതാണ്. അതിവിദ്വാന്മാരായ നിങ്ങളുടെ സദസ്സിൽ ഞാൻ എന്തു പറയാനാണ്?"

**കഥാകഥനം നല്ലതും ചീത്തയും തിരിച്ചറിയാൻ**

മഹർഷിമാർക്ക് ഒരുസംശയവും ഉണ്ടായില്ല. അവർ പറഞ്ഞു: "പരാശരസൂനുവായ വ്യാസൻ രചിച്ചതും വൈശമ്പായനൻ ജനമേജയനെ കേൾപ്പിച്ചതുമായ ആ കഥ അതിശ്രേഷ്ഠമാണ്. നല്ലതും ചീത്തയും തിരി ച്ചറിയിയ്ക്കാൻ അതിലും നല്ല ഒരു കഥാസൃഷ്ടിയില്ല. പദഭംഗി, അർഥപുഷ്ടി, അലങ്കാരകാന്തി, ആദർശമേന്മ, ഇവയൊക്കെ അതിൽ ഒത്തിണങ്ങീട്ടുണ്ട്. ആ കഥ കേട്ടാൽ മതി, വിദ്വാനാകും; ദുഷ്ടനിൽ ശിഷ്ടത ഉള വാകും; ഭീരു ധീരനായി മാറും. പാപം നശിച്ചു പുണ്യം കൈവരിയ്ക്കാനതുമാത്രം മതി. താങ്കൾ അതു ഞങ്ങൾക്കു വിസ്തരിച്ചു പറഞ്ഞുതരണം."

അപ്പോഴാണ് വ്യാസദേവൻ രചിച്ച ആ മഹച്ചരിതം ഉഗ്രശ്രവസ്സ് പറഞ്ഞുതുടങ്ങിയത്. അന്തരാത്മാവും ജഗന്നാഥനുമായ പരമചൈതന്യത്തെ തൊഴുതു വണങ്ങി അദ്ദേഹം തുടർന്നു:

സർവരും ആദരിയ്ക്കുന്നതാണ് വ്യാസകൃതി. പലരും അതു പറഞ്ഞിട്ടുണ്ട്, ഇന്നും പറയുന്നു, മേലിലും പറയും. വിദ്വാന്മാർക്ക് അമൃതും, ദു:ഖിതർക്ക് ആശ്വാസത്തണലുമാണത്. ആ കഥയുടെ തുടക്കം തന്നെ വിശിഷ്ടമാകുന്നു.

തപസ്സും ബ്രഹ്മചര്യവും കൊണ്ട് ആത്മബലം നേടിയവനാണ് സത്യവതീപുത്രനായ വ്യാസദേവൻ. മഹാഭാരതകഥ മുഴുവൻ ആ മുനീന്ദ്രന്റെ മനസ്സിൽ തെളിഞ്ഞുദിച്ചു. പക്ഷേ അതെങ്ങനെ വെളിപ്പെടുത്തുമെന്ന് ആലോചിച്ച് അദ്ദേഹം വിഷമിച്ചു. അതറിഞ്ഞു ബ്രഹ്മാവ് മുമ്പിൽ വന്നുനിന്നു. വിസ്മിതനായ മഹർഷി എഴുന്നേറ്റു ലോകഗുരുവെ പൂജിച്ചിരുത്തി തൊഴുതുണർത്തിച്ചു:

'പിതാമഹ, എന്റെ ഹൃദയത്തിൽ ഒരു കാവ്യം രൂപപ്പെട്ടിട്ടുണ്ട്. അറിവുള്ളവർക്കു സമ്മതമാകുന്നതാണത്. വേദരഹസ്യങ്ങൾ തൊട്ടു ലോകതത്ത്വങ്ങളുൾപ്പെടെ അതിലടങ്ങുന്നു. ഭാരതദേശം, അതിലെ പ്രജകൾ, അവരുടെ മഹിമ, ഇവയെ ചുറ്റിനില്ക്കുന്നതാണ് വിവരണങ്ങൾ. അവ ശരിയ്ക്കും പകർത്തുവാൻ ഒരാളില്ലാതെ വിഷമിയ്ക്കയാണ് ഞാൻ.'

ബ്രഹ്മാവ് ചിരിച്ചുകൊണ്ട് പറഞ്ഞു: 'ശരി. ഈ വിഷമം തീർക്കാൻ വിഘ്നേശ്വരനെ ധ്യാനിയ്ക്കു, പരിഹാരമുണ്ടാകും.' വിരിഞ്ചൻ മറഞ്ഞതോടെ മഹർഷി

കണ്ണടച്ചു ധ്യാനിച്ചു. അഭീഷ്ടപ്രദനായ ഹേരംബമൂർത്തി താമസിയാതെ പ്രത്യക്ഷപ്പെട്ടു. പരാശരപുത്രൻ തൊഴുതു കൊണ്ട് വിഘ്നേശനോടു സ്വഹിതം പറഞ്ഞു: 'ഹേ ഗണേശ, എന്റെ മനസ്സിൽ രചിച്ചുകഴിഞ്ഞ കാവ്യം ചൊല്ലിത്തരാം. അതു കേട്ടു പകർത്താൻ അങ്ങു തയ്യാറായാൽ, വലിയ ലോകോപകാരമാകും; ഞാൻ കൃതാർഥ നുമാകും.'

മഹർഷിയെ നോക്കി വിഘ്നേശ്വരൻ അരുളി: 'ശരി, പക്ഷേ നിർത്താതെ ചൊല്ലിത്തരണം. നീങ്ങുന്ന എഴുത്താണി നിലയ്ക്കാനിട വരുത്തരുത്.' കൃഷ്ണ ദ്വൈപായനൻ സമ്മതിച്ചു; 'പക്ഷേ കേട്ടതു ഗ്രഹിച്ചിട്ടേ എഴുതാവൂ. അർഥമറിയാത്ത പദ്യം പകർത്തിപ്പോകരുത്', എന്നു തിരി ച്ചടിച്ചു. ഗണേശനു സമ്മതിയ്ക്കാതെ പറ്റുമോ? വഞ്ചിയിൽ കയറിയവനെ പങ്കായക്കാരൻ തുഴഞ്ഞുപോകും പോലെ അങ്ങനെ ആരംഭിച്ചതാണ് മഹാഭാരതമെഴുത്ത്.

- തുടരും



പാവപ്പെട്ട സ്ത്രീകൾക്കു സ്വയംതൊഴിലിനായി തുന്നൽയന്ത്രങ്ങൾ വിതരണംചെയ്യുന്നു. (സി.ഐ.ആർ.ഡി ജംഷഡ്പൂർ 2017 ഫെബ്രുവരി 16)

കത്തും മറുപടിയും

# അസാധാരണ ധ്യാനാനുഭവങ്ങൾ

2016 ഫെബ്രുവരി 6

ഹലോ പദ്മാകർ,

എന്റെ പേര് എ. എന്നാണ്, എൻ. എന്റെ സുഹൃത്താണ്. താങ്കളുടെ അധ്യാത്മയാത്രയെക്കുറിച്ച് അവർ എന്നോടു സൂചിപ്പിട്ടുണ്ട്. അതിനാലാണ് താങ്കൾക്ക് ഈ-മെയിൽ അയയ്ക്കുന്നത്.

*ഇൻലോസ്*, രണ്ടുകുട്ടികൾ(14ഉം 12ഉം വയസ്സ്), ഞാൻ, എന്റെ ഭർത്താവ്, ഇങ്ങനെ ആറുപേർ അടങ്ങുന്ന ഞങ്ങളുടെ കുടുംബം യു. എസ്സിലാണ്. ഞാൻ ഇപ്പോൾ ഉദ്യോഗസ്ഥയല്ല, എങ്കിലും *ഐ.ടി ഫീൽഡിൽ* ഉദ്യോഗത്തിനു ശ്രമിച്ചുകൊണ്ടിരിയ്ക്കുന്നു.

മൂന്നു വർഷങ്ങളായി മന്ത്രജപവും (ബുദ്ധമന്ത്രങ്ങൾ) ഒരു ദിവസംപോലും മുടങ്ങാതെ 30–40 മിനിട്ടോളം സ്വന്തമായ രീതിയിൽ ധ്യാനവും ചെയ്തുവരുന്നു. എനിയ്ക്കു ഗുരുവായി ആരും ഇല്ല, അനുഷ്ഠാനവിധി പ്രകാരം മന്ത്രദീക്ഷയും ലഭിച്ചിട്ടില്ല. നോമ്പ് എടുക്കണമെന്നു തോന്നിയപ്പോൾ ദിനചര്യയിൽ അതും ചേർത്തു. പിന്നീട് അനുലോമവിലോമശ്വസനക്രിയകളും മഹാബന്ധപ്രാണായാമവും കൂട്ടിച്ചേർത്തു.

ധ്യാനത്തിൽ പലപ്പോഴും ഒന്ന് അല്ലെങ്കിൽ രണ്ടു നേത്രങ്ങൾ എന്നെ തുറിച്ചു നോക്കുന്നതായി കാണാറുണ്ട്; എന്നാൽ അത് എന്റെ സങ്കല്പമാകാമെന്നു കരുതി. മെല്ലെ പ്രകാശങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി, അധികവും കടുംചുവപ്പ് അല്ലെങ്കിൽ നീലനിറം, മറ്റു ചിലപ്പോൾ വെള്ള, അതുമല്ലെങ്കിൽ സ്വർണവർണം അതോടൊപ്പം വസ്തുക്കളുടെ, ചിഹ്നങ്ങളുടെ അല്ലെങ്കിൽ മൃഗങ്ങളുടെ, പ്രതിബിംബങ്ങളും ദൃശ്യമാവാൻ തുടങ്ങി. അവ (പഴയകാലത്തു മോശമായ സംപ്രേഷണത്താൽ ദൂരദർശനിൽ കാണാറുണ്ടായിരുന്ന തരികൾ *ഗ്രെയിൻസ്*) കൺകളായാണ് തോന്നിയിരുന്നത്.

ഇത്തരം അനുഭവങ്ങൾ ശ്രദ്ധതിരിയ്ക്കുന്നതായതിനാൽ, അവയെ അവഗണിയ്ക്കണമെന്നു വായിച്ചിട്ടുള്ളത് ഓർത്തു ഞാൻ ധ്യാനം തുടർന്നുകൊണ്ടിരുന്നു. തീവ്രമായ ചില സംഭവങ്ങൾകൂടി ഉണ്ടായപ്പോൾ ഭൂതകാലകർമങ്ങളുടെ ശുദ്ധീകരണം ദ്രുതഗതിയിൽ നടക്കയാണെന്നു ഗ്രഹിയ്ക്കാൻ കഴിഞ്ഞു.

ഒരുനാൾ ധ്യാനിയ്ക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ അനുഭവം എനിയ്ക്കുണ്ടായി. എന്റെ വലതുഭാഗത്തുനിന്നു കറുത്തനിറത്തിലുള്ള പന്തിന്റെ ആകൃതിയിൽ ഒരു പ്രകാശം ചുഴറ്റിക്കൊണ്ട് പ്രത്യക്ഷമായി. തുടർന്ന് അതിന്റെ നിറം നീലയും, കടുംചുവപ്പുമായി മാറി. കണ്ണഞ്ചിപ്പിയ്ക്കുന്ന വിധത്തിൽ അത്യുജ്വലമായി ദുർഗ്രഹമായ വേഗതയോടെ കറങ്ങാൻ തുടങ്ങി. ഭയപ്പെട്ടെങ്കിലും ഈശ്വരൻ എന്റെ കൂടെയുണ്ടെന്നു സ്വയം മന്ത്രിച്ചുകൊണ്ടിരുന്നു.

ആജ്ഞാചക്രത്തിനുമേലുള്ള സമ്മർദം അടങ്ങിയതോടെ പ്രകാശം പിൻവാങ്ങാൻ തുടങ്ങി. പതുക്കെ നീലനിറത്തോടെ നിശ്ചലമായ ഒരു നേത്രം അല്പനേരം ദൃശ്യമായി. പിന്നെ എല്ലാം ശാന്തമായി. ഞാൻ സാധാരണ കാഴ്ചയിലേയ്ക്കും മടങ്ങി.

സുമാർ ഒരു മിനിട്ടു നീണ്ടുനിന്ന അനുഭവത്തിന്നിടയിൽ – സമയം കൃത്യമായി പറയാൻ കഴിയുന്നില്ല – ഞാൻ വളരെ ചെറുതായും, അതോടൊപ്പം വിറയ്ക്കുന്നതായും തോന്നി. എല്ലാം അടങ്ങിയപ്പോൾ സ്വയം നിയന്ത്രിയ്ക്കാനാവാതെ ഒരു മണിക്കൂറോളം കരഞ്ഞുകൊണ്ടിരുന്നു. തുടർന്ന് ആന്തരമായ മാറ്റം എന്നിൽ സംഭവിച്ചിരിയ്ക്കുന്നതായി അനുഭവപ്പെട്ടു. മനസ്സ് ശാന്തമായി, കോപം, നീരസം തുടങ്ങിയവികാരങ്ങൾ അല്പം പിൻവാങ്ങി.

ഈ അനുഭവം എന്നെ ഗാഢമായി സ്പർശിച്ചു. കൂടുതൽ ഗൗരവപരമായ മറ്റെന്തെങ്കിലും കണ്ടെത്താനുള്ള ശ്രമവും ആരംഭിച്ചു. *മെന്റൽ ഫിസിക്സി*നെക്കുറിച്ചു കേട്ടപ്പോൾ അതോട് ആകർഷണം തോന്നി.

പിന്നീടൊരിയ്ക്കൽകൂടി സമാനമായ അനുഭവം ഉണ്ടായെങ്കിലും കുറവു സമയമേ നിന്നുള്ളൂ. നിറങ്ങൾ കൂറെക്കൂടി ഉജ്ജ്വലവും വ്യക്തവും സൂക്ഷ്മവുമായിരുന്നു. തുടർന്നു പ്രത്യക്ഷപ്പെട്ട നേത്രം അതിയായി പ്രകാശിച്ചിരുന്നെങ്കിലും പിന്നീടതു ശാന്തമായി. മുൻപരിചയം ഉണ്ടായിരുന്നതിനാൽ ഞാൻ ആത്മവിശ്വാസത്തോടെ അക്ഷോഭ്യയായി ഇരുന്നു.

ഒരുനാൾ രാവിലെ ലളിതമായ പ്രാണായാമം ചെയ്തുകൊണ്ടിരിയ്ക്കേ, അറപ്പ് ഉളവാക്കുംവിധം ചീഞ്ഞമണമുള്ള നിശ്വാസം മൂന്നോ നാലോ പ്രാവശ്യം എന്റെ മൂക്കിലൂടെ വന്നു; എന്നാൽ അതിനുശേഷം അന്നുമുഴുവൻ ഞാൻ ആഹ്ലാദത്തിമർപ്പോടെ മയക്കത്തിലായി. അതോ ടൊപ്പം അനുഭവപ്പെട്ട സ്പന്ദനങ്ങൾ എന്നെ ചിരിപ്പിച്ചുകൊണ്ടിരുന്നു. എന്റെ നെറ്റിയും ചുമലുകളും ഉഴിയുന്ന അനുഭൂതിയും ഉണ്ടായി.

അതോടെ എനിയ്ക്ക് എന്തോ സംഭവിയ്ക്കുന്നുവെന്ന് ഉറപ്പായി. താങ്കൾക്ക് ഈ–മെയിൽ ചെയ്യാനാണ് എന്റെ മനസ്സ് പറഞ്ഞത്. എനിയ്ക്ക് ഉണ്ടായതോ, ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നതോ എന്താണെന്ന് അറിയുന്നില്ല; എന്നാൽ ജീവിതത്തിനു മാറ്റം വന്നിട്ടുണ്ട്. *മെന്റൽ ഫിസിക്സിൽ* ഞാൻ കാര്യമായി തിരഞ്ഞുകൊണ്ടിരിയ്ക്കുന്നു. അതേ സമയം എന്റെ അച്ഛനും ഇതേ *കോഴ്സ്* ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞതോടെ അഗാധമായ കൃതജ്ഞതയും സന്തോഷവും തോന്നി.

താങ്കളുടേതു മറ്റൊരു മാർഗമാണെന്നറിയാം. എന്റെ അനുഭവങ്ങളെ സ്വയം വിലയിരുത്താൻ കഴിയാത്തതിനാൽ താങ്കളുടെ വിലയേറിയ നിർദേശങ്ങളും അഭിപ്രായങ്ങളും അറിയാൻ താത്പര്യപ്പെടുന്നു.

ഒരുപക്ഷേ കേവലം മനസ്സ് കളിപ്പിയ്ക്കുന്നതാവാം. അല്ലെങ്കിൽ എന്തിന്റേയോ പ്രാരംഭം കുറിയ്ക്കുന്നതും.

ഇത്രയും വിസ്തരിച്ചെഴുതിയ ഈ–മെയിൽ വായിച്ചതിന്നു വളരെ നന്ദി.

കൃതജ്ഞതയോടെ എ.

14 ഫെബ്രുവരി 2016

അനുഗൃഹീതയായ എ.,

**ഹരിഃ ഓം തത് സത്.** ധ്യാനാവസ്ഥയിൽ ഉണ്ടായ അനുഭവങ്ങളെ വിവരിച്ച്, നിങ്ങൾ പദ്മകുമാറിന് അയച്ച ഈ–മെയിൽ, തക്ക മറുപടിയ്ക്കായി പദ്മാകർ എനിയ്ക്ക് അയച്ചിരിയ്ക്കുന്നു.

പ്രിയപ്പെട്ട എ., ആദ്യമായി സമാധാനത്തോടും ആത്മവിശ്വാസത്തോടുകൂടി ഇരിയ്ക്കൂ. ക്രമവിരുദ്ധമോ ഭയപ്പെടേണ്ടതോ ആയി ഒന്നും സംഭവിച്ചിട്ടില്ല. ആശ്വാസത്തോടെ അക്ഷോഭ്യയായിരിയ്ക്കൂ. ഇതു മുഖ്യമാണ്.

ഉണ്ടായ അനുഭവങ്ങൾ ചിത്പ്രതിഭാസമാണ്. ഇതു വിശദീകരിയ്ക്കുമ്പോൾ സശ്രദ്ധം ഗ്രഹിച്ച്, ഉൾവ്യക്തിത്വത്തിൽ സ്വാംശീകരിച്ച് അലിയിയ്ക്കണം. അങ്ങനെ ചെയ്താൽ മനസ്സിനു വേണ്ടത്ര സമാധാനവും ആത്മ വിശ്വാസവും കരുത്തും ലഭിയ്ക്കും. അധ്യാത്മത്തിൽ തക്ക തിരുത്തലും മാർഗനിർദേശങ്ങളും ആശ്വാസവും ഉണ്ടാകുന്നത്, കാര്യങ്ങൾ ശരിയ്ക്കു ഗ്രഹിയ്ക്കുമ്പോഴാണ്, ഗ്രഹിയ്ക്കുന്നതു പ്രാവർത്തികവു മാക്കണം.

പ്രപഞ്ചമാകെ ദ്രവ്യോർജസംഘാതമാണ്. നിർജീവ വസ്തുക്കളായ അവ യ്ക്ക് ഉണരാൻ, അനുഭവിയ്ക്കാൻ, ഓർമിയ്ക്കാൻ, ചിന്തിയ്ക്കാൻ കഴിയില്ല. അതിനാൽ ഭൗതികവും സ്ഥൂലവും ദ്രവ്യോർജസംഘാതവുമായ ദേഹംകൊ ണ്ടല്ല ഈ ഉൾവൃത്തികൾ നടക്കുന്നത്. ഉൾവ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന മനോബുദ്ധിയഹങ്കാരങ്ങൾകൂടിയുണ്ട്. അവയാണ് ദേഹത്തെ ഉണർത്തിത്തന്ന് ഇന്ദ്രിയങ്ങളെ പ്രവർത്തനനിരതമാക്കുന്നത്. ദൃശ്യപ്രപഞ്ചത്തെ കാണിച്ചുതരു ന്നതും ഈ ഉൾഘടകങ്ങൾ തന്നെ.

മനോബുദ്ധിയഹങ്കാരങ്ങൾ അവയുടെ പ്രവർത്തനഫലത്താൽ വ്യത്യസ്ത ങ്ങളായി തോന്നുന്നെങ്കിലും, യഥാർഥത്തിൽ ആത്മാവിന്റെ ആവിഷ്കരണ ങ്ങളാണ്, കാര്യങ്ങൾ നിർവഹിയ്ക്കാനുള്ള ആത്മസ്ഫുരണങ്ങൾ. അസ്തിത്വ ത്തിലാകെ ദ്രവ്യോർജങ്ങൾക്കു പുറമെയുള്ള ഒരേ ഘടകം ആത്മാവാണ്. അതി നാൽ പൊതുവെ ധരിച്ചുവെച്ചിരിയ്ക്കുന്ന തേക്കാളും എത്രയോ ഏറെ കഴിവു മനസ്സിനുണ്ട്!

ധ്യാനം ഒരു മന:സംരംഭംമാത്രമാണ്. വേറൊരു പദാർഥമോ ദേഹാംഗമോ അതിൽ ഉൾപ്പെടുന്നില്ല. തത്ത്വാന്വേഷിയ്ക്കു ധ്യാനത്തിൽ തീവ്രത കൂടുന്ന തോടെ മനസ്സ് സ്വന്തം ചുരുൾ അഴിയ്ക്കാൻ തുടങ്ങുന്നു. ദേഹം ഭൗതികമാണ്, മനസ്സ് ഭൗതികമല്ല. മനസ്സാണ് ദേഹത്തെ നമുക്ക് ഉണർത്തിത്തരുന്നതുതന്നെ.

ദേഹം ഉണ്ടെന്നും ഇല്ലെന്നും തോന്നിയ്ക്കുന്നതു മനസ്സാണ്. ദേഹത്തേയും ലോകത്തേയും വിസ്മരിച്ചല്ലേ പ്രതിദിനം ഏവരും ഉറങ്ങുന്നത്. ഉണരുമ്പോൾ മനസ്സ് ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിയ്ക്കാനും ലോകവസ്തുക്കളെ കാട്ടിത്ത രാനും തുടങ്ങുന്നു.

ചിന്തനം, വിഭാവനം, വിചിന്തനം എന്നിവപോലെ ധ്യാനത്തിൽ ഉദിയ്ക്കുന്ന

അനുഭവങ്ങളും മന:സൃഷ്ടമാണ്. ഉറക്കത്തിൽ മനസ്സ് സമാന്തരമായ ലോകത്തേയും ലോകവസ്തുക്കളേയും വിടർത്തുന്ന സ്വപ്നം രചിയ്ക്കുന്നില്ലേ?

മനസ്സ് അഥവാ ആത്മാ എത്രയും ഊർജ്ജസ്വലമാണ്, അതിന് എന്തെല്ലാം നിർവഹിയ്ക്കാൻ കഴിയുമെന്ന് ഊഹിയ്ക്കാമല്ലോ. അസംഖ്യം ചിന്തകൾ ക്ഷണംകൊണ്ട് ഉദിച്ച് അസ്തമിയ്ക്കുന്നപോലെ, മന:സൃഷ്ടികളെല്ലാം ക്ഷണികവും മനസ്സിൽത്തന്നെ അമർന്നുപോകുന്നതുമാണ്.

ജാഗ്രദവസ്ഥയേയും, അതിലെ സൃഷ്ടികളേയും വിട്ടു സ്വതന്ത്രമായി എന്തു പ്രതിഭാസവും രചിയ്ക്കാൻ നിങ്ങളിലെ ഉൾസാന്നിധ്യത്തിനു കഴിയുമെന്നു തെളിയിയ്ക്കുന്നതാണ് സ്വപ്നാവസ്ഥ.

ധ്യാനത്തിൽ ചിലപ്പോൾ തോന്നുന്ന ഗന്ധം ജാഗ്രദ്ഗന്ധമല്ല, തീരെ വ്യത്യസ്തമാണ്. രാസധാതുനിയമങ്ങൾക്കൊന്നും അധീനമല്ലാത്ത വസ്തുക്കൾ മനസ്സിനു നിർമിയ്ക്കാനാവുമെന്നല്ലേ ഇതു ചൂണ്ടിക്കാണിയ്ക്കുന്നത്.

ദേഹം, ലോകം, ഇതുരണ്ടിൽനിന്നും വ്യത്യസ്തമായി മറ്റെന്തോ ഉണ്ടെന്നു ജിജ്ഞാസുവിനെ ബോധ്യപ്പെടുത്തുന്നതാണിത്. ആ ഉൾസാന്നിധ്യം, ആത്മാ, പരമവും അതിമഹത്തുംതന്നെ.

ഈ ഉദ്ബോധനം സ്വാംശീകരിച്ചു മുന്നോട്ടുപോകൂ. ധ്യാനാനുഷ്ഠാനം വളരെ ശ്രേഷ്ഠവും പാവനവുമാകയാൽ, അതിൽ ഹാനികരമായി ഒന്നും സംഭവിക്കില്ല. മോഷ്ടാവ്, കൊള്ളക്കാരൻ എന്ന ഭേദമില്ലാതെ ഏവരേയും ഈശ്വരൻ ജീവിപ്പിയ്ക്കുന്നില്ലേ? പിന്നെ നിങ്ങളെപ്പോലുള്ള ഭക്തരും ജിജ്ഞാസുക്കളും എത്രയോ കൂടുതൽ സുരക്ഷിതരാണ്, തീർച്ച. എ.യുടേതു വിശേഷാനുഭവം എന്നതേക്കാൾ മന:പ്രഭാവം വെളിപ്പെടുത്തുന്നതത്രെ.

എന്ത് അനുഭവവും ഉണ്ടാവട്ടെ, ഇല്ലാതാകട്ടെ. ചിലപ്പോൾ സ്വപ്നത്തിൽ തന്റെ ശിരസ്സ് ഛേദിച്ചതായും, ദേഹം എരിഞ്ഞുപോയെന്നും തോന്നാറുണ്ട്. ഉണരുമ്പോഴോ, ദേഹം മുൻപോലെ ഇരിയ്ക്കുന്നു. ഇതെങ്ങനെ?

ഉള്ളിലുള്ളതിന്റെ അതുല്യപ്രഭാവത്തെക്കുറിച്ചു നന്നായി ചിന്തിച്ചു ഗ്രഹിയ്ക്കൂ. സ്ഥൂലവും ഭൗതികവുമാണെന്നു തോന്നിയ്ക്കുംവിധം ധ്യാനവേളയിലെ വിശേഷാനുഭൂതികൾ വീണ്ടും വേണമെന്നു കൊതിയ്ക്കരുത്, അവയെ പേടിയ്ക്കയുമരുത്. എന്തും വരട്ടെ, പോട്ടെ. എ. അചഞ്ചലയായി ഇരിയ്ക്കൂ.

ജ്ഞാനവും സാഫല്യവും നേടുന്നതാകണം എ.യുടെ ഉന്നം. **ശാന്തവും സംതൃപ്തവുമായി ഉൾസാന്നിധ്യത്തിൽ, ആത്മാവിൽ, അതായത്, ശുദ്ധബോധത്തിൽ ഉറച്ചുകഴിയുന്നതാകണം ഉദ്ദേശം. അങ്ങനെ വരുമ്പോൾ മനസ്സിനേയും ബുദ്ധിയേയും, അവ ചെയ്യുന്ന പ്രവൃത്തികളേയും വിട്ടുയർന്ന് ആത്മതലത്തിൽ ചെന്നെത്തുകയാണ് വേണ്ടത്. അതാണ് പരമപദം.**

ഇതാണ് യഥാർഥ ആധ്യാത്മികത. മറ്റുള്ളതെല്ലാം കേവലം വ്യതിയാനങ്ങൾ, ഗുണിതങ്ങൾ. ശരിയായ തത്ത്വാന്വേഷി ഒരു വിശേഷാനുഭവത്തിനുംവേണ്ടി ആശിയ്ക്കരുത്. ആത്യന്തികമായ ജ്ഞാനവും സാഫല്യവും ലക്ഷ്യമാക്കിയ

ജിജ്ഞാസുവാണ് എ. ആവശ്യമുള്ളപ്പോഴെല്ലാം ആത്മവിശ്വാസത്തോടെ എഴുതിക്കോളൂ.

അധ്യാത്മദൗത്യത്തിന്നിടയിൽ *മെന്റൽഫിസിക്സ്* വായന ഒഴിവാക്കയാണ് നല്ലത്. മനസ്സ് ഭൗതികമല്ലാത്തതിനാൽ *മെന്റൽ ഫിസിക്സ്* എന്ന പേരുതന്നെ ശരിയല്ല.

ഭാരതത്തിന്റെ ആധ്യാത്മികത ആദ്യന്തം അനുഭവവേദ്യമാണ്. അതിനെ അനുഭവസിദ്ധാന്തമെന്നു പറയുന്നതാണ് ഉചിതം. അനുഭവാത്മക ജീവിതത്തിന്റെ അന്തിമശാസ്ത്രമാണ് അധ്യാത്മം. ജീവിതം ആദ്യവസാനം അനുഭവാധിഷ്ഠിതമാണെന്നു മനസ്സിലാക്കൂ.

സ്നേഹാശീർവാദങ്ങൾ, നിർവിശേഷാനന്ദതീർഥനും മാ ഗുരുപ്രിയയും അവരുടെ സ്നേഹം നിറഞ്ഞ ആശംസകൾ അറിയിയ്ക്കുന്നു.

അന്തരാത്മാ

**സ്വാമിജി**

പരിഭാഷ - കെ.വി.

ധ്യാതാവ് (ധ്യാനിയ്ക്കുന്ന താൻ), ധ്യാനം (ധ്യാനിയ്ക്കൽ) ധ്യേയം (ആരെ ധ്യാനിയ്ക്കുന്നുവോ ആ രൂപം, ഭാവം) എന്ന വിഭജനംതന്നെ ഇല്ലാതാകണം. അതോടെ തേടലും തിരയലും സംശയസന്ദിഗ്ധങ്ങളുമൊക്കെ, സമുദ്രത്തിലെത്തിയ നദികളെപ്പോലെ, അലിഞ്ഞില്ലാതാകുന്നു.

**- സ്വാമിജി**



മൈൻഡ് ആന്റ് ഇറ്റ്സ് ഹീലിങ് പവർ – കാൻസർ രോഗികൾക്കായി നടത്തിയ പ്രത്യേക തത്ത്വപ്രവചനം (സി.ഐ.ആർ.ഡി., ജംഷഡ്പൂർ 2017 ഫെബ്രുവരി 09)

# വാർത്തകളും കുറിപ്പുകളും

**അയ്കുന്നു പാണ്ഡവഗിരി ദേവീക്ഷേത്രത്തിൽ ദ്രൗപദീദിനം** ഏപ്രിൽ 28 ന് ആചരിയ്ക്കുന്നതാണ്. അന്നേദിവസം ദേവിയ്ക്കു പട്ടും പൊന്നും സമർപ്പിയ്ക്കുന്നതു നെടുമംഗല്യത്തിനും ഭർതൃവിജയത്തിനും വിശേഷാനുഗ്രഹകരമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 2277702.

**ഡെൽഹി സാധനാശിബിരം:** സ്വാമി നിർവിശേഷാനന്ദതീർഥജി മലേഷ്യ ജ്ഞാനയജ്ഞത്തിനുശേഷം മാർച്ച് 8 നു സാധനാശിബിരത്തിനായി ഡെൽഹി സി.ഐ.ആർ.ഡിയിൽ എത്തി.

- മാർച്ച് 12 നു ഭജനും സത്സംഗവും (9.30 am - 12 ).
- മാർച്ച് 14 മുതൽ 30 കൂടി (10.30 am - 11.30 am) – ഹിന്ദിയിൽ 'മഹാപുരുഷോം കീ ജീവൻധാരാ' അധ്യയൻ മണ്ഡലി.
- മാർച്ച് 18 - 21, 23 – 26 രാവിലെ *വോയ്സ് ഓഫ് ഉപനിഷദ്സ്* എന്ന *ഇംഗ്ലീഷ്* തത്ത്വപ്രവചനം ഉണ്ടാകും.
- മാർച്ച് 18 - 26 '*എൻലൈറ്റൻഡ് ലിവിങ് – വാക്കിങ് ദി ഇന്നർപാത്ത്*' എന്ന വിഷയത്തിൽ സാധനാശിബിരം.
- ഏപ്രിൽ 1, 2 '*ബി മാസ്റ്റർ ഓഫ് യുവേഴ്സെൽഫ്*' വേദാന്ത *വർക്ഷോപ്പ്.*

**അയ്കുന്നു പാണ്ഡവഗിരി ദേവീക്ഷേത്രത്തിലെ പൊങ്കാലമഹോത്സവത്തിൽ** (മാർച്ച് 5 ന്) ആയിരത്തിൽപ്പരം ഭക്തവനിതകൾ പങ്കെടുത്തു. ഭക്തി വിശ്വാസത്തോടെ നേരത്തെത്തന്നെ എല്ലാവരും പൊങ്കാല സമർപ്പണത്തിനായി ക്ഷേത്രാങ്കണത്തിലെത്തി കാപ്പുകെട്ടി. പൂജ്യസ്വാമിജി മംഗളദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത് ഭക്തരെ അഭിസംബോധന ചെയ്തു.

**കൊല്ക്കത്ത പരിപാടികൾ:** ജംഷഡ്പൂർക്കു പോകുംവഴിയ്ക്കു പൂജ്യസ്വാമിജിയും മാജിയും കൊല്ക്കത്തയിൽ ശ്രീ രാഹുൽ ഡൊറിന ദമ്പതികളുടെ വസതിയിലാണ് തങ്ങിയത്. ഫെബ്രുവരി 6 നും 7നും സത്സംഗം നടത്തി. 6 നു വൈകീട്ടു സംപൂജ്യ സ്വാമിജിയും മാജിയും പണ്ഡിറ്റ് അജൊയ് ചക്രവർത്തി, ചന്ദന ചക്രവർത്തിയുടെ 'സ്കൂൾ ഓഫ് ഇന്ത്യൻ ക്ലാസിയ്ക്കൽ മ്യൂസിക്ക്' സന്ദർശിച്ച്, അവിടെ കൂടിയ സദസ്സിൽ "*സ്പിരിച്വലൈസ് യുവർ ഡെയ്‌ലി ലൈഫ്*" എന്ന വിഷയത്തിൽ തത്ത്വപ്രവചനം നടത്തി.

**53-ാം ജംഷഡ്പൂർ വാർഷികജ്ഞാനജ്ഞം :** മഹാത്മാക്കളുടെ ജ്ഞാനനിഷ്ഠയും വിശ്വസ്നേഹവും പ്രത്യക്ഷമാക്കുംവിധം സംപൂജ്യ സ്വാമിജി മാജിയോടൊപ്പം ജംഷഡ്പൂർ ജ്ഞാനയജ്ഞത്തിന് ഫെബ്രുവരി 7ന് ഇന്ത്യയിലെ പ്രഥമ ഉരുക്കുനഗരത്തിലെത്തി.

ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ചപോലെ, ശ്രീമദ്ഭാഗവതത്തെ ആസ്പദമാക്കിയുള്ള തത്ത്വപ്രവചനം, പൂജ്യസ്വാമിജിയോടൊപ്പമുള്ള ചോദ്യോത്തര*സെഷൻ,* മാജിയുടെ ഹിന്ദിക്ലാസ്സുകൾ തുടങ്ങിയ പതിവുപരിപാടികൾ സമംഗളം നടന്നു.

പൂജ്യസ്വാമിജി ജംഷഡ്പൂരിനടുത്തുള്ള ഹാത്താഗ്രമത്തിലെ ആദിവാസി *കോളനി*യിൽ രണ്ടായിരത്തിലേറെ സാധുകുടുംബങ്ങൾക്ക് അന്നവസ്ത്ര മധുരദാനം നല്കി.

ഒരു ബാലന്റെ നിഷ്കളങ്കതയോടെ പൂജ്യസ്വാമിജി അവിടെക്കൂടിയ സദസ്യരെ സന്തോഷിപ്പിയ്ക്കുംവിധം നാടൻ ബംഗാളിയിൽ അഭിസംബോധന ചെയ്തു. രവീന്ദ്ര നാഥടാഗോറിന്റെ മനോഹര കാവ്യശകലം സ്വാമിജി ചൊല്ലി. "ആർ ഏറ്റെടുക്കും എന്റെ കൃത്യം" എന്നു സന്ധ്യാസൂര്യൻ പറഞ്ഞു. അതു കേട്ടു ജഗത്താകെ ഉത്തരം പറയാതെ ചിത്രംപോലെയിരുന്നു. പക്ഷേ ഒരു മൺചെരാത് ഉണ്ടായിരുന്നു അവിടെ. അതു പറഞ്ഞു "അല്ലേ സ്വാമി, എത്രകണ്ട് എനിയ്ക്കു കഴിയുമോ അത്രകണ്ട് ഞാൻ ചെയ്യാം". അതിന് അർഥം വിശദമാക്കവേ ആ മൺചെരാതിനെപ്പോലെ ഏവർക്കും വേണ്ടതു യഥാശക്തി നല്കണമെന്ന മനോഭാവക്കാരനാണ് താൻ എന്നും പറഞ്ഞു:

പൂജ്യസ്വാമിജി ഫെബ്രുവരി 10 ന് എക്സ്. എൽ. ആർ. ഐ. എന്ന വിശ്രുത എം.ബി.എ. സ്കൂളിന്റെ അപേക്ഷപ്രകാരം, അവിടത്തെ വിദ്യാർഥി കളേയും അധ്യാപകരേയും, 'വേദാന്ത *ദി വേ ടു എൻറിച്ച് ആന്റ് എംപവർ ലൈഫ്* എന്ന വിഷയത്തിൽ തത്ത്വപ്രവചനം നടത്തി. 'വിഷയ' ജ്ഞാനം 'വിഷയി' ജ്ഞാനം എന്നിവ തമ്മിലുള്ള വ്യത്യാസം ബോധ്യപ്പെടുത്തി, മനസ്സിന്റെ സാമർഥ്യത്തേയും മഹിമയേയും കുറിച്ചു സദസ്യരെ ഉദ്ബുദ്ധരാക്കി. ഭാരതത്തിന്റെ അനാദിയായ സംസ്കാരത്തെക്കുറിച്ചും സ്വാമിജി പറയുകയുണ്ടായി.

***കൾച്ചറൽ ഹെറിറ്റേജ് ക്ലാസ്:*** ഫെബ്രുവരി 12 നു പൂജ്യസ്വാമിജി മാജിയോടൊപ്പം 100 കുട്ടികളുള്ള കൾച്ചറൽ ഹെറിറ്റേജ് ക്ലാസ്സിൽ എത്തിയത് നവ്യാനുഭവം രചിച്ചു. വിദ്യാർഥികളുടെ ചുമതലയിലാണ് മൊത്തം പരിപാടി നടന്നത്. വിദ്യാർഥികൾതന്നെയാണ് അകമ്പടിയായി പൂജ്യസ്വാമിജിയേയും മാജിയേയും വേദിയിലേയ്ക്ക് ആനയിച്ചത്. കുട്ടികളുടെ നേതൃത്വത്തിൽ തന്നെ സ്വാഗതം പറഞ്ഞ് ഓരോ ഇനവും നടത്തിയത്. അവർതന്നെ ഭോജന പവിത്രീകരണവും മാജിയുടെ നിർദേശാനുസരണം ഭംഗിയായി നടത്തി. പൂജ്യസ്വാമിജി സന്തോഷത്തോടെ അവരെ സുഭാഷിതശ്ലോകങ്ങൾ ചൊല്ലാൻ സഹായിച്ചു. സ്വന്തം ജീവിതാനുഭവങ്ങൾ അവരെ കേൾപ്പിച്ചു.

ഫെബ്രുവരി 16 നു പൂജ്യസ്വാമിജി 12 പാവപ്പെട്ട വനിതകൾക്കു ജീവനോപാധിയെന്നനിലയ്ക്ക് ഉയർന്നതരം തുന്നൽമെഷീനുകൾ വിതരണം ചെയ്തു.

**കാൻസർ രോഗികളുമായി സത്സംഗം:** ഫെബ്രുവരി 17 നു 13 കാൻസർ രോഗബാധിതർ കുടുംബത്തോടൊപ്പം സി.ഐ.ആർ.ഡിയിലെത്തി പൂജ്യസ്വാമിജിയുടെ *മൈൻഡ് ആന്റ് ഇറ്റ്സ് ഹീലിങ് പവർ* എന്ന വിഷയത്തിൽ നടത്തിയ ഹിന്ദി തത്ത്വപ്രവചനം കേട്ടു. പൂജ്യസ്വാമിജി അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, നിങ്ങളുടെ ഉള്ളിൽത്തന്നെ ഒരു ശക്തിയുണ്ടെന്നും, അതു തന്നെയാണ് നിങ്ങൾക്ക് ആശ്വാസവും ആശ്രയവും നല്കുന്നതെന്നു ഗ്രഹിപ്പിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ വളരെ സമാധാനവും മാറ്റവും മനസ്സിനു ലഭിച്ചുവെന്നു രോഗികളിൽ പലരും അഭിപ്രായപ്പെട്ടു.

പൂജ്യസ്വാമിജിയും മാജിയും ജംഷഡ്പൂരിൽനിന്നും ഫെബ്രുവരി 20ന് ആശ്രമത്തിൽ തിരിച്ചെത്തി.

## പ്രത്യേക അറിയിപ്പ്

*കഴിഞ്ഞലക്കം വിചാരസരണിയിൽ സംപൂജ്യ സ്വാമിജി, സ്വാമി തത്ത്വരൂപാനന്ദജി മുഖ്യട്രസ്റ്റിയായ ജനകജനനീകൃപാഗുരുകുലം ബാലികാസദനം ഉദ്ഘാടനം നിർവഹിച്ചതെക്കുറിച്ച് അറിയിച്ചിരുന്നല്ലോ. സ്വാമി തത്ത്വരൂപാനന്ദജിയ്ക്കു തത്ത്വജിജ്ഞാസയും അധ്യാത്മജീവിതവും നാമ്പെടുത്തതു സംപൂജ്യ സ്വാമിജിയെ പരിചയപ്പെട്ടതു മുതല്ക്കാണ്. ആദ്യകാലം നമ്മുടെ ആശ്രമത്തിലായിരുന്നു. അനന്തരം പര്യടനാർഥം ഉത്തരേന്ത്യയ്ക്കു പോയി. പിന്നീടു സംന്യാസിയായി തിരുവനന്തപുരത്തിൽ സത്സംഗങ്ങൾ നടത്തിക്കഴിയവേയാണ്, 2006 ൽ 'ബാലസദനം' ആരംഭിയ്ക്കാൻ ഇടയായത്. സമാജസേവനത്തിൽ തത്പരനായ സ്വാമിജി യോടു നിർധനകുടുംബങ്ങളിലെ പെൺകുട്ടികൾക്കുകൂടി അതുപോലെ ഒരു സദനം വേണമെന്നു ഗുണകാംക്ഷികൾ ആവശ്യപ്പെട്ടതിന്റെ ഫലമാണ് നാരായണാശ്രമതപോവനത്തിനു സമീപമുള്ള പള്ളിപ്പുറംഗ്രാമത്തിൽ ബാലികാസദനം ആരംഭിയ്ക്കാൻ നിശ്ചയിച്ചത്. 2015 മാർച്ചിൽ 9000 ചതുരശ്ര അടി കെട്ടിടത്തിനു തറക്കല്ലിട്ടതും സ്വാമിജി ആണ്.*

*അടുത്ത അധ്യയനവർഷാരംഭത്തിൽ ആദ്യത്തെ ബാച്ചു ആരംഭിയ്ക്കുന്നതാണ്. കേരളത്തിലെ വിവിധഭാഗങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന കുട്ടികൾക്കു പഠിപ്പും താമസവും വസ്ത്രാദികളും പൂർണമായും ബാലികാസദനം വഹിയ്ക്കുന്നതാണ്. സർക്കാർ സിലബസ്സു പ്രകാരമുള്ള അധ്യയനത്തോടൊപ്പം കുട്ടികൾക്കു ഭാരതീയ സംസ്കാരത്തിൽ ഫലപ്രദമായ ശിക്ഷണവും പരിശീലനവും നല്കുമെന്നതാണ് ഈ ബാലികാസദനത്തിന്റെ വിശേഷത. ദിനചര്യയിൽ കലാകായിക വിനോദങ്ങൾക്കും പ്രാധാന്യം നല്കുന്നു.*

'ജനകജനനീകൃപാഗുരുകുലം ബാലികാസദന'ത്തിൽ പ്രവേശനത്തിന് അർഹരായ പെൺകുട്ടികളുടെ രക്ഷകർത്താക്കളിൽനിന്ന് അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

നിബന്ധനകൾ:

1. 11 വയസ്സിനു താഴെയുള്ള പെൺകുട്ടികൾക്കാണ് പ്രവേശനം.

2. മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കു മുൻഗണന.

3. സ്വന്തം കുട്ടികളെ പഠിപ്പിയ്ക്കാൻ വിഷമിയ്ക്കുന്നവർക്കും സാമ്പത്തികമായി പിന്നോക്കംനില്ക്കുന്നവർക്കും പ്രത്യേകമായി അപേക്ഷിയ്ക്കാവുന്നതാണ്.

മഹത്തായ ഈ പുണ്യസംരംഭത്തിൽ പങ്കാളികളായി, ഗുരുകുലാന്തരീക്ഷ ത്തിൽ അധിവസിച്ചു വാത്സല്യപൂർവം ചിട്ടയോടെ കുട്ടികളെ വളർത്തി പഠിപ്പിയ്ക്കാൻ താത്പര്യമുള്ള 55 വയസ്സിനു മുകളിലുള്ള അമ്മമാർക്കും അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്.

വിലാസം: ജെ.ജെ.കെ. ഗുരുകുലം ബാലികാസദനം, പള്ളിപ്പുറം പി.ഒ., കോടന്നൂർ, തൃശ്ശൂർ. 680563, ഫോൺ: 09745665617, 09446177085.
ഇമെയിൽ: jjkgurukulam@gmail.com

Statement of ownership and other particulars about **Vicharasarani** as required by rule 8 of Regd. Newspaper Rules 1956

FORM IV

| | | |
|---|---|---|
| 1. Place of publication | : | Paralam Grama Panchayat |
| 2. Periodicity of publication | : | Monthly |
| 3. Printer's Name | : | Swami Bhoomananda Tirtha |
| Nationality | : | Indian |
| Address | : | Narayanashrama Tapovanam<br>P. O. Paralam<br>Thrissur Dist.<br>Kerala - 680 563 |
| 4. Publisher's Name Nationality & Address | : | Same as in Clause 3 |
| 5. Editor's Name Nationality & Address | : | Same as in Clause 3 |
| 6. Name & Address of the owner | : | Same as in Clause 3 |

Sd-/

Paralam — Swami Bhoomananda Tirtha

1st March 2017 — Editor, Publisher & Printer

| വരിസംഖ്യ | വാർഷികം | 3 വർഷം | 6 വർഷം | 12 വർഷം |
|---|---|---|---|---|
| ഭാരതം | 50 രൂപ | 125 രൂപ | 250 രൂപ | 500 രൂപ |
| വിദേശം | 1000 രൂപ | 2,500 രൂപ | 5,000 രൂപ | 10,000 രൂപ |

Printed by Swami Bhoomananda Tirtha and Published by him for Narayanashrama Tapovanam, P.O. Paralam 680 563, Thrissur, India & printed at Sastha Printers, Venginissery, P.O. Paralam, Thrissur & published at Thrissur.
Owner & Editor : Swami Bhoomananda Tirtha